# OASIS

## NEWS BULLETIN മരുപ്പച്ച

**Older Adults Sharing In Service**

**STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE**

**Vol. VII** **Book.**01 രജി. നം. **ER/450/2001** കൊ.വ. 1200 ധനു – മകരം ജനുവരി **Date: 31.01.2025**





**തമസോ മാ ജ്യോതിർ-ഗമയ....**

OASIS
Older Adults Sharing In Service

OASIS NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

**ഉപദേശക സമിതി**

**കെ.രാജീവൻ**
**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ**
**ജനറൽ സെക്രട്ടറി**

**പത്രാധിപ സമിതി**

**ഹെൻറി ജോൺ**
**രക്ഷാധികാരി**

**മാത്യു അടയ്ക്കാമുണ്ടക്കൽ**
**മാനേജിംഗ് എഡിറ്റർ**

**എം.ജി.രാഘവൻ**
**ചീഫ് എഡിറ്റർ**

**കെ. എൻ.വിശ്വനാഥൻ നായർ**
**എഡിറ്റർ**

**പി.പി.ഫിലിപ്പ്**
**അസോസ്സിയേറ്റ് എഡിറ്റർ**

**പത്രാധിപ സമിതി അംഗങ്ങൾ**

**പി.എം.ജേക്കബ്**
**സി.പി.മാത്യു**
**ത്രേസ്സ്യാമ്മ ആന്റണി**
**എം.പി.പുഷ്കരൻ**
**വി.ആർ.ബി**
**ജോർജ് ജോസഫ്**
**രാജൻ ജോർജ്**
**സണ്ണി ജോസഫ്**
**കെ. കെ.പാപ്പച്ചൻ**

# ഉള്ളടക്കം


| പേജ് നം. | കൃതിയുടെ പേര് | എഴുതിയ ആൾ |
|---|---|---|
| കവർ പേജ് | മുഖചിത്രം | ആശംസകൾ |
| കവർ ഉൾവശം | പത്രാധിപസമിതി ഉള്ളടക്കം | എഡിറ്റർ |
| 1-5 | പത്രാധിപക്കുറിപ്പ് ലോക ബ്രെയ്‌ലി ദിനം | കെ.രാജീവൻ |
| 2 | റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ | വാർത്ത എ.ജയകുമാർ |
| 3 | രക്തസാക്ഷി ദിനw | വാർത്ത |
| 4-6 | അസോസിയേഷൻ യോഗങ്ങൾ | പത്രാധിപ സമിതി അംഗങ്ങൾ |
| 7-9 | സംഘം യോഗങ്ങൾ | ത്രേസ്സ്യാമ്മ ആന്റണി വാർത്ത |
| 9-11 | യാത്രാ വിവരണം ബാലി ക്ഷേത്രങ്ങളുടെ ദ്വീnൽ | ബി.സി.ഉണ്ണികൃഷ്ണൻ നായർ |
| 1-13 | അസോസിയേഷൻ/ | വാർത്തകൾ |
| 12 | മോഡേൺ തമിഴ് ലിറ്ററേച്ചർ പ്രൊമോഷൻ അവാർഡ് | വാർത്ത |
| 13 | നർമ്മ വീഥി | ഫോർവേഡ്സ് |
| 14 | കൗതുക വാർത്തകൾ | എം.ജി.രാഘവൻ |
| 14-15 | ഡീപ് സീക് | എം.ജി.രാഘവൻ |
| 15-16 | വായനക്കാർ എഴുതുന്നു | പി.പി.ഫിലിപ്പ് |
| 17 | വിരമിക്കുന്നവർ | വാർത്തകൾ |
| 18 | ഓർമ്മത്താളുകൾ | മാത്യു അടയ്ക്കാമുണ്ടക്കൽ |
| 19=25 | ആദരാഞ്ജലികൾ | വാർത്തകൾ |
| 26 | പിൻ കവർചിത്രം | പുഞ്ചിരിയിട്ട് പ്രപഞ്ചം |

# പത്രാധിപക്കുറിപ്പ്



കെ.രാജീവൻ


# ജനുവരി - 4, ലോക ബ്രെയ്ലി ദിനം

**1952 ജൂൺ മാസത്തിലെ ഒരു ദിവസം. ശോകസാന്ദ്രമായ ബാന്റിന്റെ അകമ്പടിയോടെ ശവമഞ്ചവും വഹിച്ചുകൊണ്ട് ഒരു വിലാപയാത്ര പാരീസിന്റെ പ്രധാന തെരുവിലൂടെ മുന്നോട്ടു നീങ്ങുന്നു. ആദര സൂചകമായി പള്ളിയിലെ മണികൾ മുഴങ്ങി. വിലാപയാത്രയുടെ മുൻനിരയിൽ ഫ്രാൻസിന്റെ പ്രസിഡന്റും 40 രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളും ഉണ്ടായിരുന്നു. അവരുടെ കൂടെ ലോകപ്രശസ്തയായ അന്ധയും, ബധിരയും, മൂകയുമായ ഹെലൻ കെല്ലറും, കാഴ്ചനഷ്ടപ്പെട്ടവരുടെ ഒരു വൻകൂട്ടവും ഈ വിലാപയാത്രയെ അനുഗമിക്കുന്നുണ്ടായിരുന്നു...**




**ഫ്രാൻസിലെ കുവ്രേ എന്ന ഗ്രാമത്തിൽ 100 വർഷം മുമ്പ് മരിച്ച് അടക്കം ചെയ്ത ഒരു മഹാന്റെ ശവശരീരം രാജ്യത്തിന്റെ എല്ലാ ആദരങ്ങളും ഏറ്റുവാങ്ങി ഔദ്യോഗിക ബഹുമതികളോടെ വീണ്ടും അടക്കം ചെയ്യാനായിരുന്നു ഈ വിലാപയാത്ര. ഇതുപോലുള്ള മറ്റൊരു സംഭവം ലോകചരിത്രത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടില്ല. ആരായിരുന്നു ഫ്രഞ്ചു ജനതയുടെയും ലോകരാഷ്ട്രങ്ങളുടെയും ആദരവ് പിടിച്ചുപറ്റിയ ആ മഹദ് വ്യക്തി?......**






**കാഴ്ചയില്ലാത്തവർ കേവലം ഭിക്ഷാംദേഹികളും നിസ്സഹായരുമായി കരുതപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിരവധി എതിർപ്പുകളേയും ക്ലേശങ്ങളേയും അതിജീവിച്ചുകൊണ്ട് അവർക്കായി ഒരു എഴുത്തു രീതി കണ്ടുപിടിച്ച ലൂയിസ് ബ്രെയ്ലി ആയിരുന്നു ആ മഹാൻ.......**

**ബ്രെയ്ലി ലിപി കാഴ്ച്ചയില്ലാത്ത ആളുകൾക്ക് ഒരു അനുഗ്രഹമാണ്. സാധാരണ കാഴ്ചയുള്ള ആളുകളെപ്പോലെ തന്നെ കാഴ്ച്ച പരിമിതർക്കും വായിക്കാനും പഠിക്കാനും സഹായിക്കുന്ന ഈ സംവിധാനം അവരുടെ ജീവിതം തന്നെ മാറ്റി മറിച്ചു.**

## ലൂയിസ് ബ്രെയ്ലി

ഒരു അപകടത്തെത്തുടർന്ന് ചെറുപ്രായത്തിൽ തന്നെ കാഴ്ച നഷ്ടപ്പെട്ട ലൂയിസ് **ബ്രെയ്ലി**യെ പാരീസിലെ ഒരു അന്ധവിദ്യാലയത്തിൽ ചേർത്തു. അവിടെ ചാൾസ് ബാർബിയർ വികസിപ്പിച്ച ഡോട്ടുകൾ ഉപയോഗിച്ചുള്ള ഒരു എഴുത്ത് സംവിധാനം ഉപയോഗിച്ച് **ബ്രെയ്ലി** വായിക്കാൻ പഠിച്ചു. തുടർന്ന് ലൂയിസ് തന്നെ മറ്റൊരു എഴുത്ത് സമ്പ്രദായം വികസിപ്പിക്കാനായി ശ്രമം തുടങ്ങി. ഇപ്പോൾ **ബ്രെയ്ലി** എന്നറിയപ്പെടുന്ന ഈ സംവിധാനം ലൂയിസ് തന്റേതായ രീതിയിൽ വികസിപ്പിച്ചെടുത്തതാണ്.

2019ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് ലോക **ബ്രെയ്ലി** ദിനം രൂപീകരിച്ചത്. 1809 ജനുവരി 4ന് ജനിച്ച ലൂയിസ് **ബ്രെയ്ലി**യുടെ ജന്മദിനമായാണ് **ബ്രെയ്ലി** ദിനം ആചരിക്കുന്നത്. ആറ് ഡോട്ടുകൾ ഉപയോഗിച്ച് അക്ഷരമാല, സംഖ്യാ ചിഹ്നങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു രീതിയാണ് **ബ്രെയ്ലി** ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. അക്ഷരങ്ങളും അക്കങ്ങളും മാത്രമല്ല സംഗീത നോട്ടുകൾ, ശാസ്ത്ര -ഗണിത ചിഹ്നങ്ങൾ എന്നിവയും സ്പർശനത്തിലൂടെ തിരിച്ചറിയാൻ കാഴ്ച വൈകല്യമുള്ളവരെ സഹായിക്കുന്ന രീതിയാണിത്.

## ലോക ബ്രെയ്ലി ദിനം

**അന്ധതയുടെ ലോകത്ത് വെളിച്ചത്തിന്റെ ഒരു തിരി തെളിയിച്ച ദിനം. അന്ധത അനുഭവിക്കുന്നവർക്കുള്ള ബ്രെയിൽ പാഠ്യ പദ്ധതി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയാണ് 2018 മുതൽ ഈ ദിനം എല്ലാ വർഷവും ജനുവരി നാലാം തീയതി ലൂയി ബ്രെയിൽ ദിനമായി യുണൈറ്റഡ് നേഷൻസ് . ആഘോഷിച്ചു വരുന്നത്.**



2019ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് ലോക ബ്രെയ്ലി ദിനം രൂപീകരിച്ചത്. 1809 ജനുവരി 4ന് ജനിച്ച ലൂയിസ് ബ്രെയ്ലിയുടെ ജന്മദിനമായാണ് ബ്രെയ്ലി ദിനം ആചരിക്കുന്നത്. ആറ് ഡോട്ടുകൾ ഉപയോഗിച്ച് അക്ഷരമാല, സംഖ്യാ ചിഹ്നങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു രീതിയാണ് ബ്രെയ്ലി ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. അക്ഷരങ്ങളും അക്കങ്ങളും മാത്രമല്ല സംഗീത നോട്ടുകൾ, ശാസ്ത്ര ഗണിത ചിഹ്നങ്ങൾ എന്നിവയും സ്പർശനത്തിലൂടെ തിരിച്ചറിയാൻ കാഴ്ച വൈകല്യമുള്ളവരെ സഹായിക്കുന്ന രീതിയാണിത്.

ലോക ബ്രെയ്ലി ദിനാചരണത്തിന്റെ ലക്ഷ്യം തന്നെ കാഴ്ച്ചയില്ലാത്തവരെക്കുറിച്ച് ആളുകളിൽ അവബോധം വളർത്തുകയും മറ്റുള്ളവരെപ്പോലെ അവർക്കും തുല്യമായ അവകാശങ്ങൾക്ക് അർഹതയുണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുകയുമാണ്. കാഴ്ചയില്ലാത്തവരോട് ദയ കാണിക്കാനും ഈ ദിനം ആളുകളെ ഓർമ്മിപ്പിക്കുന്നു..

# 76-ാം റിപ്പബ്ലിക് ദിനാഘോഷ നിറവിൽ രാജ്യം




## ഇന്തോനേഷ്യൻ പ്രസിഡന്റ് മുഖ്യാതിഥി

രാജ്യം മറ്റൊരു റിപ്പബ്ലിക്ക് ദിനത്തിലേക്ക് കൂടി കടന്നിരിക്കുകയാണ്. ഇത്തവണ എഴുപത്തിയാറാമത് റിപ്പബ്ലിക് ദിനമാണ് ഇന്ത്യ ആഘോഷിക്കുന്നത് ഇന്ത്യ റിപ്പബ്ലിക് ആയി മാറിയിട്ട് മുക്കാൽ നൂറ്റാണ്ട് പിന്നിട്ടു. 1950 ലാണ് ഇന്ത്യ എന്ന ജനാധിപത്യ രാജ്യം സർവ്വാധികാര റിപ്പബ്ലിക് ആയി മാറിയത്. അതിന് ശേഷം കഴിഞ്ഞ 75 വർഷങ്ങളായി നാം മുടങ്ങാതെ ഈ ദിനം അതിന്റെ വിശുദ്ധിയോടെ കൊണ്ടാടുകയാണ്.

ഇത്തവണയും ആഘോഷങ്ങൾക്ക് ഒട്ടും കുറവില്ല. റിപ്പബ്ലിക് ദിന പരേഡിൽ മുഖ്യാതിഥി ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയാണ്.



ഇന്ത്യയുടെ ആദ്യ റിപ്പബ്ലിക് ദിനത്തിലും ഇന്തോനേഷ്യൻ പ്രതിനിധിയായിരുന്നു മുഖ്യാതിഥി. ഏഴര പതിറ്റാണ്ടിനിപ്പുറവും അവിടെ നിന്ന് തന്നെയുള്ള അംഗം വന്നത് ഇന്ത്യയുടെ വിദേശ നയത്തിന്റെ വിജയം കൂടിയാണ്.



ഡൽഹിയിൽ കനത്ത സുരക്ഷ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയാണ് ഇത്തവണ മുഖ്യാതിഥി

# ലോക്കൽ ഹെഡ് ഓഫീസിൽ റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ



തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നടന്ന റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ .പങ്കെടുത്ത് സമ്മാന ദാനം നിർവഹിക്കുന്ന സി.ജി.എം. എ. മഹേശ്വരി. എസ്ബിഐപിഎ കേരളയുടെ ജനറൽ സെക്രട്ടറി എ.ജയകുമാറിനേയും കാണാം (ഇടത്തേ അറ്റം).



തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നടന്ന റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ .പങ്കെടുത്ത് സംസാരിക്കുന്ന അസിസ്റ്റന്റ ജനറൽ സെക്രട്ടറി കെ.രാധാകൃഷ്ണൻ

# കൊല്ലം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ



കൊല്ലം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നടന്ന റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ .പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഗണപതികൃഷ്ണൻ

# കോഴിക്കോട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ



കോഴിക്കോട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നടന്ന റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ .പങ്കെടുത്ത് സംസാരിക്കുന്ന സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ



കോഴിക്കോട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നടന്ന റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ .പങ്കെടുത്തവർ

# രക്തസാക്ഷി ദിനം



മഹാത്മാഗാന്ധിയുടെ ചരമവാർഷിക ദിനമായ ജനുവരി 30-ന് രക്തസാക്ഷി ദിനമായി ആചരിക്കുന്നു . 1948 ജനുവരി 30 ന് വൈകുന്നേരം തന്റെ ദൈനംദിന പ്രാർത്ഥനാ യോഗത്തിൽ നാഥുറാം ഗോഡ്സെ എന്ന യുവാവിന്റെ വെടിയേറ്റ് ഗാന്ധിജി

മരിച്ചു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന് 77 വർഷം

ഹിന്ദുക്കളും മുസ്ലീങ്ങളും ഒരുമിച്ചു ജീവിക്കണമെന്ന ഗാന്ധിജിയുടെ ബോധ്യത്തോട് വിയോജിച്ചാണ് ഗോഡ്സെ ഗാന്ധിയെ കൊന്നത്. രാഷ്ട്രനിർമാണത്തിന്റെ ആദ്യദശകങ്ങളിൽ മഹാത്മാഗാന്ധിയുടെ സചേതനവും സർവാശ്ലേഷിയുമായ സാന്നിധ്യമുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ, ഇന്ത്യൻ ഭൂഖണ്ഡത്തിന്റെ മാത്രമല്ല, ഏഷ്യയുടെ ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു. കാരണം, ഒരിക്കലും അധികാരഘടനയുടെ ഭാഗമല്ലാതിരുന്ന മഹാത്മാഗാന്ധിക്ക് രാജ്യാതിർത്തികളെയും രാഷ്ട്രതന്ത്രത്തിന്റെ സങ്കീർണമായ ഉപജാപങ്ങളെയും അതിലംഘിച്ചുനിൽക്കുന്ന അനിതരസാധാരണമായ ധാർമിക ശക്തി യുണ്ടായിരുന്നു



## സഹജീവനത്തി ന്റെ പ്രവാചകൻ

അടിയുറച്ച ഹിന്ദുമതവിശ്വാസിയായിരിക്കു മ്പോഴും, എല്ലാ ഇന്ത്യക്കാരെയും അദ്ദേഹം വൈവിധ്യങ്ങൾക്കതീതമായി ഒന്നിപ്പിക്കുകയും സാമ്രാജ്യത്വത്തിനെതിരേ സഹിഷ്ണുതയിലും ബഹുസ്വരതയിലും അധിഷ്ഠിതമായ ബഹുജന പ്രസ്ഥാനം കെട്ടിപ്പടുക്കുകയും ചെയ്തു. ഡൽഹിയിലും ബംഗാളിലും പരസ്പരം വെട്ടിയരിഞ്ഞു കൊണ്ടിരുന്ന രണ്ട് സമുദായങ്ങൾക്കിടയിൽ സാന്നിധ്യം കൊണ്ടുമാത്രം സമാധാനം സൃഷ്ടിച്ച ഒരേയൊരാൾ ഗാന്ധിജിയായിരുന്നു. അദ്ദേഹം ഉപവസിക്കാനാരംഭിച്ചപ്പോൾ ഹിന്ദുക്കളും മു സ് ലിങ്ങളും സ്വമേധയാ ആയുധം താഴെ വെച്ചു. മഹാസൈന്യങ്ങൾക്ക് അണയ്ക്കാൻ കഴിയാതെ പോയ വർഗീയകലാപത്തിന്റെ ജ്വാലകൾ അദ്ദേഹത്തിന്റെ ധാർമികശക്തിയുടെ പ്രവാഹ ത്തിൽ തനിയേ കെട്ടുപോയത് അമ്പരപ്പോടെയാണ് വർഗീയവാദികൾ നോക്കിനിന്നത്.



ഭഗത് സിംഗ്, ശിവറാം രാജ്ഗുരു, സുഖ്ദേവ് ഥാപ്പർ - ഇന്ത്യയിലെ മൂന്ന് അസാധാരണ വിപ്ലവകാരികളുടെ ത്യാഗത്തെ അനുസ്മരിക്കാൻ മാർച്ച് 23 ന് രക്തസാക്ഷി ദിനം അല്ലെങ്കിൽ ഷഹീദ് ദിവസ് ആചരിക്കുന്നു. സ്വതന്ത്രവും പരമാധികാരവും ഉദാരവുമായ ഇന്ത്യക്ക് വേണ്ടി ജീവൻ ബലിയർപ്പിച്ച നമ്മുടെ രാഷ്ട്രത്തിന്റെ കൊട്ടിഘോഷിക്കപ്പെടാത്ത വീരന്മാർക്കും സ്വാതന്ത്ര്യ സമര സേനാനികൾക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നതിനാണ് എല്ലാ വർഷവും ഈ ദിനം ആചരിക്കുന്നത്.

**സത്യം മാത്രമേ നിലനിൽക്കൂ.ബാക്കിയെല്ലാം കാലത്തിന്റെ വേലിയേറ്റത്തിൽ കുത്തിയൊലിച്ചു പോകും.**
**മഹാത്മാഗാന്ധി**

# .ജില്ലാ സെക്രട്ടറിമാരുടെ ശ്രദ്ധക്ക്

## 2025-2028 ത്രിവത്സര കാലയളവിലേക്കുള്ള ജില്ലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്



**എ.ജയകുമാർ**
**ജനറൽ സെക്രട്ടറി**

എസ്ബിഐപിഎ കേരളയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2024 നവംബർ 6-ന് എറണാകുളത്ത് വൈഎംസിഎ ഇന്റർനാഷണൽ ഹാളിൽ ചേർന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുടെ പ്രതിനിധി സമ്മേളനവും 24-ാമത് വാർഷിക പൊതുയോഗവും 2025 മെയ് 23, 24 തീയതികളിൽ കോഴിക്കോട്ട് നടത്താൻ തീരുമാനിച്ചു.

**അതനുസരിച്ച് ജില്ലാ യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങൾ നടത്താനും ജില്ലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുവാനും എല്ലാ ജില്ലാ സെക്രട്ടറിമാരോടും അഭ്യർത്ഥിക്കുന്നു. 2025-2028 ത്രിവത്സര കാലയളവിലെ ഭാരവാഹികൾ. 2025-28 ത്രിവത്സര കാലയളവിലെ ഡെലിഗേറ്റ് സെഷനിലും സംസ്ഥാന കമ്മിറ്റിയുടെ തിരഞ്ഞെടുപ്പിലും പങ്കെടുക്കുന്നതിന് എസ്ബിഐപിഎ കേരളയുടെ ഉപനിയമത്തിൽ നൽകിയിരിക്കുന്നത് പോലെ നിർദ്ദിഷ്ട ഡെലിഗേറ്റുകളെ തിരഞ്ഞെടുക്കാനും നിർദ്ദേശിക്കുന്നു.**

എല്ലാ ജില്ലാ യൂണിറ്റുകളും 2025 മാർച്ച് 25-ന് മുമ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും പ്രതിനിധികളുടെ പേര് വിവരങ്ങൾ 2025 മാർച്ച് 31-ന് മുമ്പ് ജനറൽ സെക്രട്ടറിക്ക് അയച്ചു തരികയും വേണം. പ്രതിനിധികളുടെ പേരുകൾ ഒരിക്കൽ ജനറൽ സെക്രട്ടറിക്ക് സമർപ്പിച്ചാൽ മാറ്റാനോ പകരം വയ്ക്കാനോ അനുവദിക്കുന്നതല്ലെന്ന കാര്യം ശ്രദ്ധിക്കുക.

2025 ജനുവരി 31 വരെയുള്ള ജില്ലകളിലെ പെൻഷൻകാരും കുടുംബ പെൻഷൻകാരും ഉൾപ്പെടുന്ന വോട്ടർമാരുടെ പട്ടിക 2025 ഫെബ്രുവരി 1- ന് പ്രസിദ്ധീകരിക്കും.

# സ്ഥിരം തൊഴിൽ വെട്ടിക്കുറയ്ക്കുന്ന സർക്കാർ നയം തിരുത്തണം

## സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എൽ. ചന്ദ്രശേഖർ

ബാങ്കിംഗ് മേഖലയിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്ന കേന്ദ്ര സർ ക്കാർ നയം തിരുത്തണമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എൽ. ചന്ദ്രശേഖർ ആവശ്യപ്പെട്ടു. സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ രജത ജൂബിലി മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് പ്രൊഫ ഷണൽ തൊഴിൽ നിയമങ്ങളും ബാങ്കിംഗ് മേഖലയും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. യൂണിയൻ പ്രസിഡന്റ് എച്ച് സി രജത്ത് അധ്യക്ഷത വഹിച്ചു



സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ സിൽവർ ജൂബിലി ആഘോഷം എൻ. ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യുന്നു.

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ സിൽവർ ജൂബിലി ആഘോഷം എൻ. ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യുന്നു.

ജനറൽ സെക്രട്ടറി എസ് അധിൽ, ടി.വി സഞ്ജീവ്, ആർ ശ്രീറാം. ഇ.ജെ രജനീഷ്, എ.ജയകുമാർ, കെ.എൻ അഖിൽ പങ്കജ് കൗഷിക്, രാജുകുമാർ സിങ് ചിത്തരഞ്ജൻ പാൻഡ,

പി.എ ബാജാ ഫക്രുദ്ദീൻ, കെ സജു കെ.ഇ. അജിത്ത് തുടങ്ങി അവർ സംസാരിച്ചു.

# ബാങ്ക് പെൻഷൻകാരുടെ സംഘടനകളുടെ ഏകോപന സമിതി അംഗങ്ങൾ ഐ.ബി.ഐ. ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി

FSBIPA, AIBPARC, FORBE എന്നിവയുടെ നേതാക്കൾ അടങ്ങുന്ന ഒരു പ്രതിനിധി സംഘം 23-ാം തീയതി IBA ഉദ്യോഗസ്ഥരുമായി ഒരു ഹ്രസ്വ കൂടിക്കാഴ്ച നടത്തി, ദീർഘകാലമായി നിലനിൽക്കുന്ന എല്ലാ ആവശ്യങ്ങളും നേരത്തെ പരിഹരിക്കണമെന്ന് അവരോട് അഭ്യർത്ഥിച്ചു.

സമയക്കുറവ് കാരണം, ഓരോ ഇനത്തെയും കുറിച്ചുള്ള വിശദമായ ചർച്ച സാധ്യമായിരുന്നില്ല എന്നാൽ പരാമർശങ്ങൾ നടത്തിയിരുന്നു. പ്രധാന വിഷയമായ പെൻഷൻ പുതുക്കലിനെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ, RBI പെൻഷൻകാരുടെ കാര്യത്തിൽ ചെയ്തതുപോലെ ഈ പ്രശ്നത്തിന്റെ പരിഹാരവും സാധ്യമാണെന്ന് ഞങ്ങൾ അവരോട് നിർദ്ദേശിച്ചു. എന്നാൽ സുപ്രീം കോടതിയിൽ പതിവ് ഹിയറിംഗിനായി പരിഗണനയിലുള്ള അപ്പീൽ പിൻവലിക്കാനോ പിൻവലിക്കാൻ ഏർപ്പാട് ചെയ്യാനോ ആവശ്യപ്പെടുകയാണുണ്ടായത്. IBA ഉദ്യോഗസ്ഥരുടെ ഈ നിർദ്ദേശം സ്വീകാര്യമല്ലെന്ന് ഞങ്ങൾ കരുതുന്നു.

തീരുമാനമെടുക്കൽ അധികാരികളുടെ അശ്രദ്ധമായ സമീപനം കാരണം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ സാധുവായ കാരണങ്ങളാൽ അംഗങ്ങളുടെ അക്ഷമയും അസ്വസ്ഥതയും കണക്കിലെടുക്കുമ്പോൾ, ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ദീർഘകാലമായി നീണ്ടുനിൽക്കുന്ന പ്രക്ഷോഭ പരിപാടികൾ നടത്തേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നിട്ടുണ്ട്. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ, CBPRO-യുടെ ഘടകങ്ങൾക്കിടയിൽ അഭിപ്രായ കൈമാറ്റം നടത്തുകയും ഒടുവിൽ പരിപാടികൾ ആരംഭിക്കുകയും ചെയ്യും.




# മഞ്ഞലോഹത്തിന്റെ കുതിപ്പിൽ അമ്പരന്ന് പൊതുജനം

## സ്വർണ വിലയിൽ ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്ക്

**സംസ്ഥാനത്ത് സ്വർണ്ണവില വീണ്ടും ഉയരങ്ങളില്. ഇന്ന്, 24.01.2025 ന്, പവന് 240 രൂപ കൂടി 60,440 രൂപയിലും, ഗ്രാമിന് 30 രൂപ വർധിച്ച് 7,555 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. പ്രാദേശിക വിപണികളുടെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന നിലവാരമാണിത്. കഴിഞ്ഞ രണ്ടു ദിവസമായി പവന് 60,200 രൂപയും, ഗ്രാമിന് 7,525 രൂപത്യയുമായിരുന്നു. യുഎസ് പ്രസിഡന്റായി ഡൊണൾഡ ട്രംപ് സത്യപ്രതിജ്ഞ ചെയ്തതു മുതൽ ആഗോള സ്വർണ്ണവിലയും മുകളിലോട്ടാണ്. 22.01.2025 ബുധനാഴ്ചയാണ് പ്രാദേശിക സ്വർണ്ണവില ആദ്യമായി 60,000 കടന്നത്.**




**സംസ്ഥാനത്ത് നിലവിൽ വെള്ളി വിലയിൽ മാറ്റമില്ല. സ്വർണ്ണവില മാറ്റങ്ങൾ ഉടൻ വെള്ളി വിലയിലും പ്രതിഫലിച്ചേക്കാം. വെള്ളിയുടെ ആഭരണ, നിക്ഷേപ, വ്യാവസായിക ആവശ്യകത വർദ്ധിച്ചുവരുന്നുവെന്നാണ് റിപ്പോർട്ട്. നിലവിൽ വെള്ളി ഗ്രാമിന് 103.90 രൂപയും, 8 ഗ്രാമിന് 831.20 രൂപയുമാണ്. 10 ഗ്രാം വെള്ളിക്ക് 1,039 രൂപയാണ്. 100 ഗ്രാമിന് 10,390 രൂപയാണ്. വെള്ളി കിലോയ്ക്ക് 1,03,900 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.**

## 18 കാരറ്റിനും 50,000 രൂപ കടന്നു

സംസ്ഥാനത്ത് റെക്കോഡുകൾ മറികടന്ന് സ്വർണവില കുതിക്കുകയാണ്. ബുധനാഴ്ച പവൻവില പുതിയ ഉയരത്തിൽ എത്തിയതോടെ 18 കാരറ്റ് സ്വർണത്തിsâ വിലയും 50,000 രൂപ മറികടന്നു. 2024 ജനു വരി 29-ന് 18 കാരറ്റ് സ്വർണം പവന് 38,240 രൂപയും ഗ്രാമിന് 4,780 രൂപയുമായിരുന്നു. ഇതാണ് 2025 ജനുവരി 29-ന് യഥാക്രമം 50,200 രൂപയിലും 6,275 രൂപയിലുമെത്തിയത്. പവന് 11,960 രൂപയുടെ വർധനയാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്.

# ട്രംപിൽ കുരുങ്ങി വിപണി സെൻസെക്സിലെ ഇടിവ് 1,235 പോയന്റ്

സെൻസെക്സ് 1235 പോയിന്റ് നഷ്ടത്തിൽ 75,838ലും നിഫ്റ്റി 320 പോയിന്റ് തകർന്ന് 23,024ലിലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. ഇറക്കുമതി തീരുവയുമായി ബന്ധപ്പെട്ട് ട്രംപിന്റെ നീക്കം വ്യക്തമാകാത്തതോടെ നിക്ഷേപകർ ജാഗ്രത പാലിച്ചതാണ് വിപണിയുടെ കരുത്ത് ചോർത്തിയത്.



കനത്ത വില്പന സമ്മർദ്ധം നേരിട്ട് ഓഹരി വിപണി. 2.01.2025 തുടക്കത്തിലെ നഷ്ടം മറികടന്നെങ്കിലും പിന്നീട് കനത്ത തകർച്ചയിലേയ്ക്കാണ് വിപണി നീങ്ങയത്. ഉച്ചകഴിഞ്ഞതോടെ സെൻസെക്സിന് 1,235 പോയിന്റ് നഷ്ടമായി. നിഫ്റ്റിയാകട്ടെ 23,024ത്തിന് താഴെയെത്തി. വില്പന സമ്മർദവും ട്രംപി ന്റെ നീക്കങ്ങളെക്കുറിച്ചുള്ള ആശങ്കയുമാണ് വിപണയെ ബാധിച്ചത്.



ചൊവാഴ്ചയിലെ വ്യാപാരത്തിൽ മാത്രം 7.48 ലക്ഷം കോടി രൂപയാണ് നിക്ഷേപകർക്ക് നഷ്ടമായത്. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം മൂല്യം 424.11 ലക്ഷം കോടിയിലേക്ക് താഴ്ന്നു.

## നഷ്ടം മറികടന്ന് ഓഹരിവിപണിയിൽ മുന്നേറ്റം
### സെൻസെക്സ് 631 പോയിന്റ് കയറി
### മുംബൈ തുടർച്ചയായ രണ്ടാംദിവസവും

. ബി.എസ്.ഇ. സൂചികയായ സെൻസെക്സ് 631.55 പോയിന്റ് കയറി 76,532.96 പോയിന്റിലും എൻ.എ സ്.ഇ. സൂചികയായ നിഫ്റ്റി 205.85 പോയിന്റ് കയറി 23,163.10 പോയിൻ്റിലുമാണ് വ്യാ പാരം അവസാനിപ്പിച്ചത്.

വിപണിയിൽ പണലഭ്യത ഉയർത്താൻ റിസർവ് ബാങ്ക് നട പടിയെടുത്തതോടെ ചൊവ്വാഴ്ച ബാങ്കിങ് ഓഹരി കളുടെ മികവിൽ സൂചികകൾ നേട്ടമുണ്ടാക്കിയിരുന്നു. ബാങ്ക്, ഐ.ടി. ഓഹരികളാണ് 2025 ജനുവരി 29 ബുധനാഴ്ച യും മികവു കാട്ടിയത്. നിഫ്റ്റിയിലെ 50 ഓഹരിക ളിൽ 42 എണ്ണവും നേട്ടമുണ്ടാക്കി.

# യു.എസ്. ഡോളറിനെതിരെ രൂപ 18 പൈസ ഉയർന്ന് 86.26 ആയി

# റെക്കോഡ് തകർച്ചയിലെത്തി

**രൂപയുടെ മൂല്യം താഴോട്ടുള്ള പാത തുടരുന്നു.**

കഴിഞ്ഞ ഒരു മാസമായി ഡോളറിനെതിരെ ഇന്ത്യൻ രൂപയുടെ മൂല്യം ഇടിയുകയാണ്. തകർച്ച തുടരുന്ന ഇന്ത്യൻ രൂപ വെള്ളിയാഴ്ച ഇന്റർബാങ്ക് ഫോറിൻ എക്സ്ചേഞ്ചിൽ, രൂപ 86.31 ൽ ആരംഭിച്ച് യുഎസ് ഡോളറിനെതിരെ 86.26 ൽ എത്തി, മുൻ ക്ലോസിങ്ങിൽനിന്ന് 18 പൈസയുടെ വർദ്ധനവ് രേഖപ്പെടുത്തി.



യുഎസ് ഡോളറിനെതിരെ പ്രാദേശിക യൂണിറ്റ് 86.33 ൽ എത്തി. ഇന്ത്യൻ ഇക്വിറ്റികളിൽ നിന്ന് എഫ്പിഐ പുറത്തേക്ക് ഒഴുകുന്നത് കാരണം ആഭ്യന്തര കറൻസി കഴിഞ്ഞ കുറച്ച് ആഴ്ചകളായി ദുർബലമാണ്.

.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## ഇന്ത്യൻ രൂപയിൽ അതിർത്തി കടന്നുള്ള ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആർബിഐ പ്രഖ്യാപിച്ചു

ഇന്ത്യൻ രൂപ ഉൾപ്പെടെയുള്ള പ്രാദേശിക കറൻസികളിൽ അതിർത്തി കടന്നുള്ള ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി യുണൈറ്റഡ് അറബ് എമിറേറ്റ്സ്, ഇന്തോനേഷ്യ, മാലിദ്വീപ് എന്നിവയുടെ സെൻട്രൽ ബാങ്കുകളുമായി റിസർവ് ബാങ്ക് ഇതിനകം ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

അതിർത്തി കടന്നുള്ള ഇടപാടുകൾ തീർപ്പാക്കുന്നതിന് ഇന്ത്യൻ രൂപയും പ്രാദേശിക/ദേശീയ കറൻസികളും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) വ്യാഴാഴ്ച (ജനുവരി 16, 2025) ഉദാരവൽക്കരിച്ച മാനദണ്ഡങ്ങൾ പ്രഖ്യാപിച്ചു.

വ്യാപാര ഇടപാടുകൾക്കായി ഇന്ത്യൻ രൂപ (INR) കൂടുതലായി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്, 2022 ജൂലൈയിൽ, പ്രത്യേക രൂപ വോസ്ട്രോ അക്കൗണ്ടിന്റെ (SRVA) ഒരു അധിക ക്രമീകരണം അവതരിപ്പിച്ചു. അതിനുശേഷം നിരവധി വിദേശ ബാങ്കുകൾ ഇന്ത്യയിലെ ബാങ്കുകളിൽ എസ്ആർവിഎകൾ തുറന്നിട്ടുണ്ട്

.

## എസ്ബിഐ മുൻ ചെയർ പേഴ്സൺ അരുന്ധതി ഭട്ടാചാര്യയ്ക്ക് പദ്മശ്രീ



അരുന്ധതി ഭട്ടാചാര്യ

വാണിജ്യ വ്യവസായ മേഖലകളിലെ പ്രവർത്തന മികവിന്റേയും സമഗ്ര സംഭാവനകളേയും വിലയിരുത്തി രാഷ്ട്രം എസ്ബിഐ മുൻ ചെയർ പേഴ്സൺ അരുന്ധതി ഭട്ടാചാര്യയ്ക്ക് ഇത്തവണത്തെ റിപ്പബ്ലിക്ക് ദിനത്തിൽ പദ്മശ്രീ പുരസ്ക്കാരം നല്കി ആദരിച്ചു.

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ

# ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ഭരണ സമിതി യോഗം 2025 ജനുവരി മാസം 10–ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ കുമാരനല്ലൂർ ഓഫീസിൽ വച്ച് നടന്നു. താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1 മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
2. എം.ജി. രാഘവൻ
3. എ.എൻ.രാജൻ
4 പി. എം.ജേക്കബ്
5. ത്രേസ്യാമ്മ ആന്റണി
6. സിറിൽ ജോസ്.റ്റി.
7. തോമസ് ഫിലിപ്പ്
8..ഗോപകുമാർ. .എൻ

ഒരു മിനിട്ട് മൗന പ്രാർത്ഥനയ്ക്ക് ശേഷം യോഗം ആരംഭിച്ചു. സംഘത്തിലെ കർമ്മോത്സുകയായ അംഗമായിരുന്ന ഹേമലതയുടെ ആകസ്മികമായ നിര്യാണത്തിൽ അനുശോചനം അർപ്പിച്ചുകൊണ്ട് ഒരു മിനിട്ട് മൗനം ആചരിച്ചു. വൈസ് പ്രസിഡന്റ് മാത്യു അടയ്ക്കാമുണ്ടയ്ക്കൽ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. തുടർന്ന് സ്വാഗതം ആശംസിക്കുകയും ചെയ്തു.



കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി യോഗത്തിൽ അവതരിപ്പിക്കുന്നു

അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിൽ 2023–24കാലഘട്ടത്തിന്റെ ലാഭ വിഹിതം വിതരണം, പുതിയ ജി.ഡി.സി.എസ്. കുറി, എസ്.ബി.ഐ.യിലെ കറണ്ട് അക്കൗണ്ടിൽ എം.ഒ.ഡി. ഓപ്ഷൻ കൊടുക്കൽ തുടങ്ങിയ കാര്യങ്ങൾ യോഗം ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചു. പുതിയ ജി.ഡി.സി.എസ്, വായ്പ്പകൾ എന്നിവ തുടങ്ങുന്നത് ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി യോഗത്തിൽ അവതരിപ്പിച്ചു. മാസാന്ത്യ കണക്കുകൾ ജോയിന്റ്..സെക്രട്ടറി സിറിൽ ജോസ്.റ്റി. അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2025 ജനുവരി മാസത്തിലെ നറുക്കെടുപ്പ് 10–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എസ്. നം. | സല (രൂപ) | | പേര് |
|---|---|---|---|---|
| 1 | XV | 100,000 | | ഗോപകുമാർ.കെ. |
| 2 | XVII | 100,000 | | ജോയി ജോർജ്ജ്. |
| 3 | XVIII | 100,000 | | മാത്യു പി.എം. |
| 4 | XIX | 25,000 | | എൻ.സി.ജോസ് |
| 5 | XX | 100,000 | | ത്രേസ്യാമ്മ ആന്റണി |
| 6 | XXI | 100,000 | | വിജയൻ.സി.പി. |
| 7 | XXII | 100,000 | | പ്രസന്നകുമാരി,എം.ആർ |
| 8 | XXIII | 100,000 | | ഗോപകുമാർ. .എൻ. |
| 9 | XXIV | 50,000 | | പി.എം.ജോൺ |
| 10 | XXV | 100,000 | | ആരതി.എ.നായർ |

നറുക്ക് വീണതിൻ പ്രകാരമുള്ള തുക 2025 ഫെബ്രുവരി മാസം 14–ാം തിയതി കൊടുക്കുവാൻ തീരുമാനിച്ചു. ഭരണ സമിതി യോഗവും അന്നേ ദിവസം നടത്തുവാൻ തീരുമാനിച്ചു. ക്ലെയിം ഫോം സംഘത്തിൽ നിന്നും അയച്ചു തരുന്നതായിരിക്കും. അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക.

.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

“എ” ക്ലാസ്സ് അംഗത്വത്തിനുള്ള 4 അപേക്ഷകൾ പരിഗണിച്ചതിൽ പേർക്കുനാലു “എ” ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി.

പുതിയ അംഗങ്ങൾ :–

1. വൽസല.ബി.നായർ, ധന്യ, ഇരമ്പൂഴിക്കര, വൈക്കം
2. പി.എം.വിജയമണിയമ്മ, മണിവിലാസ്, ചിറക്കടവ്,
3. വി.കെ.സുകുമാരൻ, തൃക്കാർത്തിക, ഗാന്ധി നഗർ
4. ഷീബ കുര്യൻ, വഞ്ചി പ്പുരക്കൽ, ആർപ്പൂക്കര

## സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 1 'സി' ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1 ആനന്ദ് ഗോപിക്കുട്ടൻ നായർ മണിവിലാസ്, ചിറക്കടവ്

## വായ്പ്പാ അപേക്ഷകൾ

ഒന്നര ലക്ഷം രൂപായുടെ വായ്പ്പയ്ക്ക് പുതിയതായി 3 അപേക്ഷകൾ ലഭിച്ചത് പരിഗണിച്ച് മദ്ധ്യകാല വായ്പ്പ അനുവദിക്കാൻ തീരുമാനമായി.

### ഇൻഷ്വറൻസ് പോളിസി B

ഇൻഷ്വറൻസ് പോളിസി B പുതുക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ഒരു വർഷം വരെയുള്ള കാലാവധിയിൽ തിരിച്ചടയ്ക്കാവുന്ന 25000 രൂപായുടെ ഹ്രസ്വകാല വായ്പ്പ അനുവദിക്കാൻ തീരമാനിച്ചു.

എക്സിക്യൂട്ടിവ് കമ്മറ്റി അംഗം പി. എം.ജേക്കബ കൃതഞ്ജത പ്രകാശിപ്പിച്ചു. 1 മണിക്ക് യോഗം സമാപിച്ചു.

## പുതിയ ജി.ഡി.സി.എസ് കുറികൾ

### 26-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്നതും മാസം 4000 രൂപാ വീതം 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്ര ക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



**സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി 9446322416**

# യാത്രാ വിവരണം

# ബാലി

## ക്ഷേത്രങ്ങളുടെ ദ്വീപിൽ



## ബി.സി.ഉണ്ണികൃഷ്ണൻ നായർ

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)

അടുത്ത ദിവസം രാവിലെ 8 മണിക്ക് രണ്ടാമത്തെ ദിവസത്തെ പര്യടനം ആരംഭിച്ചു .വാട്ടർ സ്പോർട്സ്നു സൗകര്യമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രം ആയിരുന്നു അത്. ഞങ്ങളുടെ പാക്കേജിൽ പാരാ സെയ്‌ലിംഗ് , ബനാന ബോട്ട്, ഗ്ലാസ് ബോട്ടം ബോട്ട് എന്നിവ ആണ് ഉൾപ്പെടുത്തിയിരുന്നത് .

### ബനാന ബോട്ട്



ബനാന ബോട്ട് കടൽവെള്ളത്തിൽ

ബാലി വാട്ടർ സ്പോർട്സ് പ്രവർത്തനങ്ങളുടെ ഏറ്റവും മികച്ച സൈറ്റായി അറിയപ്പെടുന്ന തൻജംഗ് ബെനോവ വേദി, തൻജംഗ് ബെനോവ ബീച്ചിൽ സൗകര്യപ്രദമായി സ്ഥിതി ചെയ്യുന്നതും എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതുമാണ്. ബാലിയിലെ തൻജംഗ് ബെനോവയിൽ, വാഴപ്പഴത്തി**ന്റെ** ആകൃതിയിലുള്ള റബ്ബർ ബോട്ടിൽ സവാരി ചെയ്യുന്ന ഒരു സവിശേഷ അനുഭവം പ്രദാനം ചെയ്യുന്നു. കപ്പൽ ഒരേസമയം 7 പങ്കാളികളെ ഉൾക്കൊള്ളുകയും ആവേശകരമായ ജലസാഹസികത വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ബാലിയിലെ ബനാന ബോട്ട് സവാരിയിൽ വെള്ളത്തിൽ

കളിക്കുന്നതി**ന്റെ** ആവേശകരമായ അനുഭവം ആസ്വദിക്കാനുള്ള ഈ അവസരം നഷ്ടപ്പെടുത്തരുത്, എല്ലാം ബജറ്റിന് അനുയോജ്യമായ വിലയിൽ.

## പാരാ സെയ്‌ലിംഗ്



പാരാ സെയ്‌ലിംഗ്

ഒരു മോട്ടോർ ബോട്ട് പാരച്യൂട്ടിൽ ഘടിപ്പിച്ച് പിന്നിലേക്ക് വലിച്ചെറിയുമ്പോൾ തുറന്ന പാരച്യൂട്ട് ഉപയോഗിച്ച് വായുവിലൂടെ സഞ്ചരിക്കുന്ന വിനോദ പ്രവർത്തനം. **ആണ് പാരാ സെയ്‌ലിംഗ് പാരാ സൈലിങ്ങിന് ഒരു ബോട്ടിൽ കയറ്റി കടലിലേക്ക് കൊണ്ടുപോയി അവിടെ നങ്കൂരമിട്ടിരുന്ന മറ്റൊരു ബോട്ടിൽ ഘടിപ്പിച്ച പാരച്ചൂടിൽ സുരക്ഷിതരായി ബെൽറ്റിട്ടു ഇരുത്തിയ ശേഷം ഏതാണ്ട് 500 മീറ്റർ ഉയരത്തിൽ പറപ്പിക്കുന്നു. പിന്നീട് ബനാന ബോട്ടിൽ ഇരുത്തി ഒരു സ്പീഡ് ബോട്ട് ഉപയോഗിച്ചു വലിച്ചു കടലിൽ കൊണ്ടുപോയി ചുറ്റിയിട്ടു വന്നു.** . മിക്ക റൈഡുകളും 10-15 മിനിറ്റ് നീണ്ടുനിൽക്കും, ഒപ്പം അതിമനോഹരമായ കാഴ്ചകളും തീരപ്രദേശത്തി**ന്റെ** അതുല്യമായ കാഴ്ചകളും കണ്ടു് ആസ്വദിക്കാം. . പാരാ സെയ്ലിംഗ് , ബനാന ബോട്ട്, എന്നീ . ആദ്യത്തെ രണ്ടിനങ്ങളിലും ഞാനും ഭാര്യയും പങ്കെടുത്തില്ല. മറ്റുള്ളവർ പോയി, ആസ്വദിച്ചു വന്നു. .

## ടർട്ടിൽ ദ്വീപുകൾ

പിന്നീടാണ് ഒരു ഗ്ലാസ് അടിത്തട്ടുള്ള സ്പീഡ് ബോട്ടിൽ കയറി ടർട്ടിൽ ഐലണ്ടിലേക്കു പുറപ്പെട്ടത് മലേഷ്യയിലെ സബാഹിൽ സന്ദകനിൽ നിന്ന് ഏകദേശം 3 കിലോമീറ്റർ (1.9 മൈൽ) വടക്ക് സുലു കടലിൽ കിടക്കുന്ന ടർട്ടിൽ ദ്വീപുകൾക്കുള്ളിലാണ് ടർട്ടിൽ ഐലൻഡ്സ് പാർക്ക് (തമാൻ പുലാവു പെൻയു) സ്ഥിതി ചെയ്യുന്നത് അതിൽ സെലിംഗാൻ, ലിറ്റിൽ ബക്കുങ്കൻ, ഗുലിസാൻ എന്ന 3 ദ്വീപുകൾ അടങ്ങിയിരിക്കുന്നു



**ടർട്ടിൽ ദ്വീപിൽ ലേഖകൻ മലമുഴക്കി വേഴാമ്പലിനൊപ്പം**

**ചുറ്റുമുള്ള പവിഴപ്പുറ്റുകളും സമുദ്രവും ഉൾപ്പെടെ. ദ്വീപുകളിലെ കടൽത്തീരങ്ങളിൽ മുട്ടയിടുന്ന പച്ച ആമകൾക്കും ഹോക്സ്ബിൽ ആമകൾക്കും പാർക്ക് ശ്രദ്ധേയമാണ്. പാർക്കിൻ്റെ വിസ്തീർണ്ണം 17.4 $km^2$ ആണ്. എന്നിരുന്നാലും, ടർട്ടിൽ ദ്വീപുകൾ എന്ന പേര് 10 ദ്വീപുകളെ സൂചിപ്പിക്കുന്നു, അവയിൽ 3 എണ്ണം മലേഷ്യയിലെ ടർട്ടിൽ ഐലൻഡ്സ് പാർക്കിൻ്റെ ഭാഗമാണ്, കൂടാതെ 7 എണ്ണം ഫിലിപ്പീൻസിലെ താവി-താവി പ്രവിശ്യയിലെ ടർട്ടിൽ ഐലൻഡ്സ് വന്യജീവി സങ്കേതത്തിൽ പെടുന്നു.**

ഒരു ഗ്ലാസ് അടിത്തട്ടുള്ള സ്പീഡ് ബോട്ടിൽ കയറിയാണ് ടെർട്ടിൽ ഐലണ്ടിലേക്കു പുറപ്പെട്ടത് . അടിത്തട്ടിലെ കുറച്ചു ഭഭാഗം ചില്ലിട്ടിരുന്നതിനാൽ കടലിനടിയിലെ കാഴ്ചകൾ ഭംഗിയായി കാണാൻ സാധിച്ചു .കുറച്ചു ദൂരം പോയപ്പോൾ ബോട്ട് ഡ്രൈവർ ഓരോ ബ്രെഡ് കഷണം എല്ലാവര്ക്കും നൽകിയിട്ടു ബോട്ടിന്റെ സ്പീഡ് കുറച്ചു. അപ്പോഴാണ്കണ്ടത് ബോട്ടിനടിയിൽ വിവിധ തരത്തിലുള്ള മത്സ്യങ്ങൾ! അവക്ക് ബ്രെഡ് കഷണങ്ങൾ ഇട്ടു കൊടുത്തു

കുറച്ചു നേരം അവിടെത്തന്നെ നിന്ന് ഭംഗിയായി വീക്ഷിച്ചു. വീണ്ടും യാത്ര തുടർന്ന് ഏതാണ്ട് മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ചെറിയ ദ്വീപിൽ എത്തി. അവിടെ ഭീമാകാരമായ കടലാമകൾ ചെറിയ തടാകത്തിൽ കണ്ടു . അവക്കും കടൽപായൽ നൽകി അരികിലേക്ക് ആകർഷിച്ചു വളരെ അടുത്ത് കാണാനും ഫോട്ടോ എടുക്കാനും അവസരം കിട്ടി. കുറെ ആമക്കുഞ്ഞുങ്ങളെയും കണ്ടു. കുറച്ചു കൂടി ,മുന്നോട്ടു നടന്നപ്പോൾ തൊട്ടു മുന്നിൽ ഒരു വലിയ മലമ്പാമ്പ് നിലത്തു കിടക്കുന്നു! അവിടത്തെ ജീവനക്കാരി അതിനെ തലോടുകയും എടുത്തു തോളിലിട്ട് തരാൻ ശ്രമിക്കയും ചെയ്തു. നൈസ് ആയിട്ടു ഒഴിഞ്ഞു



മലമ്പാമ്പ്

മാറി .ഇഗുവാന , വവ്വാൽ, ഉടുമ്പ്, വേഴാമ്പൽ തുടങ്ങിയ ജീവികളെയും കണ്ടു . വീണ്ടും ഒരു മണിക്കൂർ ബോട്ട് യാത്ര ചെയ്തു വൻ കരയിൽ തിരിച്ചെത്തി.



സൺ ആൻഡ്  സാൻഡ് ഇന്ത്യൻ റെസ്റ്റാറ്റാന്റിൽ  ഉച്ച ഭക്ഷണം

കുടുംബങ്ങൾക്ക് അനുയോജ്യമായ ഒരു ബീച്ച് ഫ്രണ്ടാണ് സൺ.എൻ.സാൻഡ്. ലോഞ്ച്, ഡിപ്പിംഗ് പൂൾ, വിഐപി റൂം, ബാർ, മൾട്ടിക്യുസിൻ റെസ്റ്റോറ ന്റുകൾ, മിനി വാട്ടർ പാർക്ക് എന്നിവ തിരഞ്ഞെടുക്കാം.  തൻജംഗ് ബെനോവ, നുസ ദുവ ബാലി എന്നിവിടങ്ങളിലെ മനോഹരമായ ബീച്ചിന് സമീപം ആസ്വദിച്ച്  സൺ ആൻഡ് സാൻഡ്  ഇന്ത്യൻ റെസ്റ്റാറ് ന്റിൽ ഉച്ച ഭക്ഷണം കഴിച്ചു. -

## ഗരുഡ വിസ്നു കെങ്കാന പ്രതിമ GWK പ്രതിമ

തുടർന്ന് ഗരുഡ വിഷ്ണു വാഹന സാംസ്കാരിക കൾച്ചറൽ പാർക്കിലേക്ക് പുറപ്പെട്ടു. ബാലിയിലെ ഗരുഡ വിസ്നു കെങ്കാന കൾച്ചറൽ പാർക്കിൽ സ്ഥിതി ചെയ്യുന്ന 121 മീറ്റർ ഉയരമുള്ള പ്രതിമയാണ് ഗരുഡ വിസ്നു കെങ്കാന പ്രതിമ (GWK) പ്രതിമ എന്നും അറിയപ്പെടുന്നു ) . ന്യോമാൻ നുവാർട്ടയാണ് ഇത് രൂപകൽപന ചെയ്യുകയും 2018 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തത്. 46 മീറ്റർ ബേസ് പീഠം ഉൾപ്പെടെ സ്മാരകത്തിന്റെ ആകെ ഉയരം 121 മീറ്റർ (397 അടി) ആണ്. ഇന്തോനേഷ്യയിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയായി രൂപകല്പന ചെയ്ത ഈ പ്രതിമ, ജീവന്റെ അമൃതമായ അമ ർത്യതയെ തേടി ഗരുഡൻ നടത്തിയ അന്വേഷണത്തെക്കുറിച്ചുള്ള ഹിന്ദുമതത്തിൽ നിന്ന് വേരുകൾ കണ്ടെത്തുന്ന ഒരു സംഭവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്. ഈ കഥ അനുസരിച്ച്, തന്റെ അടിമയായ അമ്മയെ മോചിപ്പിക്കാൻ അമൃതം ഉപയോഗിക്കാനുള്ള അവകാശത്തിന് പകരമായി ഗരുഡൻ വിഷ്ണുവിനെ വാഹനമായി ഓടിക്കാൻ സമ്മതിച്ചു . ഈ സ്മാരകം 2018 ജൂലൈ 31-ന് പൂർത്തിയാക്കി, 2018 സെപ്റ്റംബർ 22-ന് ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോ ഉദ്ഘാടനം ചെയ്തു.  ഇത് ഒരു ഹിന്ദു ദേവന്റെ ഏറ്റവും ഉയരം കൂടിയ പ്രതിമയും ഇന്തോനേഷ്യയിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയുമാണ്.

നിർമ്മാണം ഇരുപത്തിയെട്ട് വർഷവും ഏകദേശം 100 മില്യൺ ഡോളറും എടുത്തു.



ഗരുഡ വിസ്നു കെങ്കാന പ്രതിമ ഗരുഡ  വാഹനത്തിനു മുകളിൽ മഹാവിഷ്ണു

അവിടെയും ഒരു ചെറിയ മലമുകളിൽ, ഗരുഡ വാഹനത്തിനു പുറത്തിരിക്കുന്ന മഹാവിഷ്ണുവിന്റെ ഒരു കൂറ്റൻ പ്രതിമ കണ്ടു .



കെങ്കാന കൾച്ചറൽ പാർക്കിൽ സ്ഥിതി ചെയ്യുന്ന മഹാവിഷ്ണുവിന്റെ മറ്റൊരു  കൂറ്റൻ പ്രതിമ

ഏതാണ്ട്  അര മണിക്കൂർ അവിടെ ചിലവിട്ട ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി. മു റിയിലേക്കുള്ള മടക്ക യാത്രയിൽ മറ്റൊരു ഇന്ത്യൻ ഭക്ഷണ ശാലയിൽ നിന്ന് രാത്രി ഭക്ഷണവും കഴിച്ചു.അടുത്ത ദിവസം രാവിലെ 6 മണിക്ക് പുറപ്പെടാനുള്ള നിർദേശം നൽകി വേദ മടങ്ങി.

**(തുടരും.....)**

.




# കെ. എസ്. വെങ്കിടാചലത്തിന് ആധുനിക തമിഴ് സാഹിത്യ പ്രോത്സാഹന പുരസ്കാരം




മോഡേൺ തമിഴ് ലിറ്ററേച്ചർ പ്രൊമോഷൻ അവാർഡ് . കെ. എസ്. വെങ്കിടാചലത്തിന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ നൽകുന്നു. ശശി തരൂർ എം. പി. സമീപം.

ചെന്നൈ ഇന്റർനാഷണൽ ബുക്ക് ഫെയർ 2025 ഏർപ്പെടുത്തിയ ആധുനിക തമിഴ് സാഹിത്യ പ്രോത്സാഹന പുരസ്കാരം കെ. എസ്. വെങ്കിടാചലത്തിന് 2025 ജനുവരി 18 ന് ചെന്നൈയിൽ വെച്ച് തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ സമ്മാനിച്ചു. ഒരു വലിയ ജനാവലിയുടെ മുൻപിൽ വെച്ചായിരുന്നു ഈ പുരസ്കാര സമർപ്പണം.

വെങ്കിടാചലം ജനിച്ചതും, വളർന്നതും കോഴിക്കോട് ജില്ലയിലാണ്. പുതിയറയിലെ യു. പി. സ്കൂളിലും, സാമൂതിരി ഹൈസ്കൂളിലും, ദേവഗിരി കോളേജിലും, ഗുരുവായൂരപ്പൻ കോളേജിലുമായിരുന്നു വിദ്യാഭ്യാസം.

ബി. കോം ബിരുദമെടുത്തശേഷം 1968 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒറ്റപ്പാലം ശാഖയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് കോഴിക്കോട്, കണ്ണൂർ, കൊയിലാണ്ടി, കോട്ടയം, കട്ടപ്പന, മൂന്നാർ, മറയൂർ, തൃശൂർ എന്നി ശാഖകളിലും, എറണാകുളം സോണൽ ഓഫീസിലും ജോലി ചെയ്തു. തൃശൂർ ശാഖയിൽ വെച്ച് ഡെപ്യൂട്ടി മാനേജർ എന്ന തസ്തികയിൽ 2001 ൽ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ ബാങ്കിന്റെ പടികളിറങ്ങി. വളരെ നേരത്തെ എഴുതിത്തുടങ്ങിയ സാഹിത്യകാരനും, വിവർത്തകനും, നിരൂപകനുമായിരുന്ന വെങ്കിടാചലം വിരമിച്ചതിനു ശേഷം പൂർണമായും എഴുത്തിന്റെ വഴിയിലാണ്.

ചെറുകഥകളും, ലേഖനങ്ങളും കൂടാതെ ഇരുന്നൂറിൽപ്പരം പുസ്തക നിരൂപണങ്ങളും എഴുതിയിട്ടുണ്ട്. ഇതിൽ അറുപതിലധികം നിരൂപണങ്ങളും 'മാതൃഭൂമി'യാണ് പ്രസിദ്ധീകരിച്ചത്. പലരും കൈ വെക്കാൻ മടിക്കുന്ന മൊഴിമാറ്റത്തിന്റെ പാതയിൽ അദ്ദേഹത്തിന്റേതായി നിരവധി പുസ്തകങ്ങളുണ്ട്. ഒരു എഴുത്തുകാരൻ തന്റെ ഭാവനയിൽ, തനിക്ക് വഴങ്ങുന്ന ഭാഷയിൽ, മിക്കവാറും മാതൃഭാഷയിലെ രചനകൾ അതിന്റെ ആശയവും, ഭാവനാത്മകതയും ഒട്ടും ചോർന്നു പോവാതെ തർജമ ചെയ്യുക തികച്ചും ശ്രമകരമാണ്. അദ്ദേഹം തമിഴിൽ നിന്നും 31 പുസ്തകങ്ങളും, ഇംഗ്ലീഷിൽ നിന്നും 6 പുസ്തകങ്ങളും ഇതിനകം മലയാളത്തിലേക്ക് തർജമ ചെയ്തിട്ടുണ്ട്. ഇതിൽ പ്രശസ്ത തമിഴ് സാഹിത്യകാരനായ വൈരമുത്തുവിന്റെ, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതിയായ 'കള്ളിക്കാടിന്റെ ഇതിഹാസം', കഥാസമാഹാരമായ 'ശിറുതു നേരം മനിതനായി ഇരുന്തവൻ' എന്നിവ ഉൾപ്പെടുന്നു. വൈരമുത്തുവിനെ കൂടാതെ തമിഴിലെ മിക്കവാറും എല്ലാ എഴുത്തുകാരുടെ സൃഷ്ടികളും അദ്ദേഹം മൊഴിമാറ്റം നടത്തിക്കഴിഞ്ഞിരിക്കുന്നു. തമിഴ് സാഹിത്യകാരന്മാരായ ജയകാന്തന്റെ 'ഒരു മനുഷ്യൻ, ഒരു വീട്, ഒരു ലോകം', എസ്. രാമകൃഷ്ണന്റെ 'ഉപപാണ്ഡവം', ടി. എൻ. പ്രാണതാർഥിഹരന്റെ 'രമണ മഹർഷി ജീവിതവും, വാക്കും' എന്നിവ അവയിൽ ചിലതാണ്.

ടി. ജാനകി രാമന്റെ 'മരപ്പശു', . രാജ നാരായണന്റെ 'ഗോപല്ല ഗ്രാമം', വൈരമുത്തുവിന്റെ 'മൂന്നാം ലോക മഹായുദ്ധം', എസ്. രാധാകൃഷ്ണന്റെ 'മണ്ടിയിടുങ്കൾ തന്തയേ' തുടങ്ങി നാലു പുസ്തകങ്ങൾ ഇപ്പോൾ തർജമയുടെ പണിപ്പുരയിലാണ്. കൂടാതെ 'പുതുമൈ പിത്തൻ കഥകൾ' അച്ചടിയിലും.

കേരള സാഹിത്യ അക്കാദമിയുടെ പ്രസിദ്ധീകരണമായ സാഹിത്യ ചക്രവാളത്തിൽ പത്തു വർഷത്തോളം സ്ഥിരമായി പുതിയ പുസ്തകങ്ങളെക്കുറിച്ച് എഴുതിയിരുന്നു. കൂടാതെ ആകാശവാണിയിലും അദ്ദേഹം താൻ തർജമ ചെയ്ത സൃഷ്ടികൾ അവതരിപ്പിക്കാറുണ്ട്.

തികച്ചും വ്യത്യസ്തമായ ഒരു ആശയമായി കേരളത്തിലെ ജയിൽപ്പുള്ളികൾ എഴുതിയ ചെറുകഥകൾ എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കിയിട്ടുണ്ട്. കൂടാതെ വായിച്ച പുസ്തകങ്ങളെപ്പറ്റിയുള്ള ആസ്വാദനവും ഒരു പുസ്തകമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എഴുത്തു കൂടാതെ മറ്റു സാഹിത്യ, സാഹിത്യേതര പ്രവർത്തനങ്ങളിലും വ്യാപൃതനാണ് വെങ്കിടാചലം. രണ്ടായിരത്തി ഒന്നു മുതൽ തുഞ്ചൻ പറമ്പിന്റെ പ്രവർത്തനങ്ങളിൽ എം. ടി യോടൊപ്പം സജീവമായി പ്രവർത്തിക്കുന്നു. എം. ടി യുടെ പരിപാടികളിൽ ഒരു നിഴൽ പോലെ എന്നും കൂടെ നിന്നു. രണ്ടായിരത്തി നാല് മുതൽ വിജയദശമി നാളിൽ കുട്ടികളുടെ എഴുത്തിനിരുത്തൽ ചടങ്ങിൽ ആചാര്യനായും പങ്കെടുക്കുന്നു.

കേന്ദ്ര സാഹിത്യ അക്കാദമിയുടെ മൊഴിമാറ്റത്തിനുള്ള പുരസ് കാരം 2017, നല്ലി ചിന്നസാമി തിശൈ എട്ടും അവാർഡ് 2017, ഭാഷ സമന്വയ വേദി അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ അദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്. ഒടുവിലായി ചെന്നൈ ഇന്റർനാഷണൽ ബുക്ക് ഫെയർ 2025 ന്റെ മോഡേൺ തമിൾ ലിറ്ററേച്ചർ പ്രൊമോഷൻ അവാർഡും.

ഏറ്റവും അടുത്ത സുഹൃദ് വലയങ്ങളിൽ വെങ്കിടിയെന്നും, 'സ്വാമി' എന്നും അറിയപ്പെടുന്ന കെ. എസ്. വെങ്കിടാചലത്തിന് ഇനിയും ഒരുപാട് പുരസ്കാരങ്ങൾ ലഭിക്കട്ടെ **അഭിനന്ദനങ്ങൾ!**



# നർമ്മ വീഥി









# കൗതുക വാർത്തകൾ


## മരണമില്ലാത്ത ജെല്ലിഫിഷ്

അമർത്യ ജെല്ലിഫിഷ് എന്നും അറിയപ്പെടുന്ന ടൂറിടോപ്സിസ് ഡോർണി, (*Turritopsis dohrnii* ) മിതശീതോഷ്ണ, ഉഷ്ണമേഖലാ ജലാശയങ്ങളിൽ ലോകമെമ്പാടും കാണപ്പെടുന്ന ചെറുതും ജൈവശാസ്ത്രപരമായി അനശ്വരവുമായ ജെല്ലിഫിഷ് ഇനമാണ്. ഏകാന്തമായ ഒരു വ്യക്തിയായി ലൈംഗിക പക്വത പ്രാപിച്ച ശേഷം ലൈംഗികമായി പക്വതയില്ലാത്ത, കൊളോണിയൽ ഘട്ടത്തിലേക്ക് പൂർണ്ണമായും മടങ്ങാൻ കഴിവുള്ള ചുരുക്കം ചില മൃഗങ്ങളിൽ ഒന്നാണിത്.

മറ്റ് മിക്ക ഹൈഡ്രോസോവനുകളെയും പോലെ, ടി. ഡോർണിയും പ്ലാനുലേ എന്നറിയപ്പെടുന്ന ചെറുതും സ്വതന്ത്രമായി നീന്തുന്നതുമായ ലാർവകളായി അവരുടെ ജീവിതം ആരംഭിക്കുന്നു. ഒരു പ്ലാനുല സ്ഥിരതാമസമാക്കുമ്പോൾ, അത് കടലിന്റെ അടിത്തട്ടിൽ ഘടിപ്പിച്ചിരിക്കുന്ന പോളിപ്പുകളുടെ ഒരു കോളനിക്ക് കാരണമാകുന്നു. ഒരൊറ്റ പ്ലാനുലയിൽ നിന്ന് ഉണ്ടാകുന്ന എല്ലാ പോളിപ്പുകളും ജെല്ലിഫിഷുകളും ജനിതകമായി സമാനമായ ക്ലോണുകളാണ്



പോളിപ്പുകൾ വ്യാപകമായി ശാഖിതമായ ഒരു രൂപമായി രൂപം കൊള്ളുന്നു, ഇത് മിക്ക ജെല്ലിഫിഷുകളിലും സാധാരണയായി കാണാറില്ല. മെഡൂസ എന്നും അറിയപ്പെടുന്ന ജെല്ലിഫിഷ്, പിന്നീട് ഈ പോളിപ്പുകളെ വിഘടിപ്പിച്ച് സ്വതന്ത്രമായി നീന്തുന്ന രൂപത്തിൽ ജീവിതം തുടരുന്നു, ഒടുവിൽ ലൈംഗികമായി പക്വത പ്രാപിക്കുന്നു. ലൈംഗികമായി പക്വത പ്രാപിക്കുമ്പോൾ, അവ മറ്റ് ജെല്ലിഫിഷ് ഇനങ്ങളെ വേഗത്തിൽ ഇരയാക്കുന്നതായി അറിയപ്പെടുന്നു. ടി. ഡോർണി ജെല്ലിഫിഷ് പാരിസ്ഥിതിക സമ്മർദ്ദത്തിനോ, ശാരീരിക ആക്രമണത്തിനോ വിധേയമാകുകയോ, രോഗിയോ പ്രായമായതോ ആണെങ്കിൽ, അത് പോളിപ്പ് ഘട്ടത്തിലേക്ക് മടങ്ങുകയും ഒരു പുതിയ പോളിപ്പ് കോളനി രൂപപ്പെടുകയും ചെയ്യും. കോശങ്ങളുടെ വ്യത്യസ്ത അവസ്ഥയെ മാറ്റിമറിക്കുകയും അവയെ പുതിയ തരം കോശങ്ങളാക്കി മാറ്റുകയും ചെയ്യുന്ന ട്രാൻസ്ഡിഫറൻഷ്യേഷൻ എന്ന കോശ വികസന പ്രക്രിയയിലൂടെയാണ് ഇത് ഇത് ചെയ്യുന്നത്.



സൈദ്ധാന്തികമായി, ഈ പ്രക്രിയ അനിശ്ചിതമായി തുടരാം, ഫലപ്രദമായി ജെല്ലിഫിഷിനെ ജൈവശാസ്ത്രപരമായി അനശ്വരമാക്കുന്നു, പ്രായോഗികമായി വ്യക്തികൾക്ക് ഇപ്പോഴും മരിക്കാൻ കഴിയും. പ്രകൃതിയിൽ, മിക്ക ടൂറിടോപ്സിസ് ഡോർണികളും പോളിപ്പ് രൂപത്തിലേക്ക് മടങ്ങാതെ മെഡൂസ ഘട്ടത്തിൽ വേട്ടയാടലിനോ രോഗത്തിനോ കീഴടങ്ങാൻ സാധ്യതയുണ്ട്.

പരമാവധി ആയുസ്സ് ഇല്ലാത്ത ജൈവിക അമർത്യതയുടെ കഴിവ് ടി. ഡോർണിയെ അടിസ്ഥാന ജൈവിക വാർദ്ധക്യത്തിന്റെയും ഔഷധ ഗവേഷണത്തിന്റെയും ഒരു പ്രധാന ലക്ഷ്യമാക്കി മാറ്റുന്നു.

## എ.ഐ വിപണിയിൽ കൊടുങ്കാറ്റായി ചൈനയുടെ ഡീപ് സീക്

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വിപ്ലവകരമായ സാ ങ്കേതികവിദ്യകളിലൊന്നാണ് **നിർമ്മിത ബുദ്ധി** (AI). സാങ്കേതികവിദ്യയാകട്ടെ നി ലവിലുള്ള സാമൂഹിക സാ മ്പത്തികഘടനകളെ മാറ്റിമറിക്കുന്ന നിലയിലേക്ക് അനുദിനം വളരുകയാണ്. നിലവിൽ ഈ രംഗത്തെ മേധാവിത്വം അമേരിക്കൻ കമ്പനികൾക്കാണ്. എന്നാൽ, കഴിഞ്ഞ ഴ്ച ലോകത്തെ മുഴുവൻ ഞെട്ടിച്ചുകൊണ്ട് രു കുഞ്ഞൻ ചൈനീസ് കമ്പനി, ഡീപ്സീക്ക് പുതിയ ഒരു എ.ഐ. മോഡൽ പുറത്തിറക്കി. അമേരിക്കൻ കമ്പനികൾക്ക് സാങ്കേതികമികവിന്റെ മാർക്കറ്റിലെ നിലവിലുള്ള മേധാവിത്വം തുടരാൻ കഴിയുമോ എന്ന സംശയം മൂലം ഒട്ടേറെ അമേരിക്കൻ ടെക്നോളജി കമ്പനികളുടെ ഓഹരിവിലകൾ വലിയതോതിൽ ഇടിയുകയുണ്ടായി.

## നിർമിത ബുദ്ധി വിപണിയിൽ ചർച്ചയായി ഡീപ് സീക്.

ചൈനയുടെ ഈ എ.ഐ മോഡലിന്റെ പ്രധാന സവിശേഷത വിലക്കുറവാണ്. ഡീപ് സീക്ക് സൃഷ്ടിച്ച കൊടുങ്കാറ്റിൽ ഇന്ത്യൻ ഓഹരികളടക്കം പല കമ്പനികളുടെയും ഓഹരി വില ഇടിഞ്ഞു.

ഭാവിയുടെ സാങ്കേതിക വിദ്യയായിട്ടാണ് നിർമിത ബുദ്ധി **(Artificial Intelligence-AI)** വിലയിരുത്തപ്പെടുന്നത്. അമേരിക്കയ്ക്ക് മേൽക്കൈ ഉണ്ടായിരുന്ന വിപണിയായിരുന്നു ഇത്. എന്നാൽ കഴിഞ്ഞ ദിവസം ഈ മാർക്കറ്റിലേക്ക് അപ്രതീക്ഷിതമായി ചൈന കടന്നു കയറിയിരിക്കുന്നു, അതും വിലക്കുറവുള്ള ഒരു എ.ഐ മോഡലാണ് അവതരിപ്പിച്ചത്. അതിവേഗം തരംഗമായ ആ മോഡലാണ് ഡീപ്സീക് (Deepseek).




അതിവേഗം പ്രശസ്തിയുടെ വെള്ളി വെളിച്ചത്തിലേക്കെത്തിയ ചൈനീസ് എ.ഐ സ്റ്റാർട്ടപ്പിന്റെ സ്ഥാപകനാണ് ലിയാങ് വെൻഫെങ്. ചാറ്റ് ജി.പി.ടി, ജെമിനി, ക്ലോഡ് എ.ഐ തുടങ്ങിയവയോട് കിടപിടിക്കുന്ന പെർഫോമൻസാണ് ഡീപ് സീക് കാഴ്ച്ച വെക്കുന്നത്.

വിലക്കുറവിന് പുറമെ, കുറഞ്ഞ നിയന്ത്ര ണങ്ങളും ഡീപ് സീക്കിന്റെ ജനപ്രീതി വർധിപ്പിച്ചു. പല രാജ്യങ്ങളിലും ഇത് ചാറ്റ് ജിപിടിക്ക് വെല്ലു വിളി സൃഷ്ടിച്ചു. യു.എസിൽ ആപ്പ് സ്റ്റോറിൽ സൗജന്യ ആപ്പുകളിൽ ഉയർന്ന റേറ്റിങ്ങും ലഭിച്ചു. ആർ 1 എന്നാണ് ഡീപ് സീക്കിന്റെ പുതിയ ചാറ്റ് ബോട് പതിപ്പിന്റെ പേര്.

# വായനക്കാർ എഴുതുന്നു




**സർ,**

. നാം **വാട്ട്സാപ്പിലോ** സൈറ്റിലോ ഓർഡർ ചെയ്താൽ ഉടൻ നമ്മുടെ ഓർഡർ കൺഫെർമേഷനു ഫർമസിസ്റ് വിളിക്കും. പക്ഷേ അവർക്കു പലപ്പോഴും ഹിന്ദി ഭാഷ മാത്രമേ അറിയൂ. ചിലപ്പോൾ ഇംഗ്ലീഷും. ആർക്കും മലയാളം അറിയില്ല. അപ്പോൾ നമ്മിൽ ചിലർക്കെങ്കിലും ഇംഗ്ലീഷും ഹിന്ദിയും സംസാരിക്കാൻ പറ്റിയില്ലെങ്കിൽ മരുന്ന് ലഭിക്കാതെ യാകുന്നു. ഇതിനു ഒരു പരിഹാരം നമ്മുടെ അസോസിയേഷൻ ഇടപെട്ടു ഉണ്ടാകണം. പ്രാദേശിക ഭാഷ അറിയുന്നവരും ഈ ഫർമസി ഡെസ്കിൽ ഉണ്ടാകണമെന്ന ഒരു നിർദേശം നമുക്ക് അവതരിപ്പിച്ചു കൂടെ?? ബാങ്കിന്റെ ഡിസ്പെന്സറിയിൽ നിന്നും നമുക്ക് ആവശ്യമുള്ള എല്ലാ മരുന്നുകളും ലഭിക്കാത്ത സാഹചര്യത്തിൽ നമ്മുടെ ഇ ഫാർമസി സ്കീം നമുക്ക് വളരെയധികം ഉപകാരപ്രദമാണ്. ഈ സ്കീമിൽ ഉള്ള ഒരു അസൗകര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്

സ്നേഹപൂർവ്വം,



**എൻ.പി. രാമനാരായണൻ**

**സർ,**

കോൾ സെന്ററുകളിൽ പ്രാദേശിക ഭാഷാ പരിജ്ഞാനമുള്ളവർ വേണമെന്ന് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ ഇതിനകം തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നിരുന്നാലും, വിൽപ്പനക്കാർ (vendors) ഇപ്പോൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അവരുടെ ഔട്ട് ലെറ്റുകൾ തുറക്കുന്നുണ്ട്, ഇത് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കും. കൂടുതൽ മെച്ചപ്പെടുത്തലുകൾക്കായി നമുക്ക് ശ്രമിക്കാം.

എ. ജയകുമാർ



സെക്രട്ടറി

# ഫോട്ടോ പ്രേമം  അരാജകത്വം

നാടാകെ വളരുന്ന  ഫോട്ടോ പ്രേമം, അരാജകത്വം തന്നെ! അടുത്ത കാലത്തു, എന്തിനും ഏതിനും എല്ലാത്തിനും ഫോട്ടോ എടുക്കുന്ന പ്രവണത, പരിധി  വിട്ടു വളർന്നിരിക്കുന്നു.!

കൂടി നടക്കുന്ന യുവതി യുവാക്കളും കുട്ടികളും തൈക്കിളവന്മാരും പടുകിളവന്മാരും, പിന്നെ പ്രൊഫഷണൽ ഫോട്ടോക്കാരും, വെറുതേ, കറുങ്ങി നടന്നു ഫോട്ടോ എടുപ്പാണ്.!

പണ്ടൊക്കെ ഓർത്തിരിക്കേണ്ട ചടങ്ങുകളുടെ ഫോട്ടോയാണ് എടുക്കാറുള്ളത്. ഇന്ന് ഫോട്ടോ എടുക്കാൻ ഒരു ചടങ്ങും വേണ്ട. ആളെ കിട്ടിയില്ലെങ്കിൽ പട്ടിയുടെയോ പൂച്ചയുടെയോ കോഴിയുടെയോ മാനത്തിന്റെയോ ഫോട്ടോ എടുത്തുകളയും.!

കല്യാണത്തിനു വളരെ മുൻപേ,  ഫോട്ടോയെടുത്തു നടക്കുന്നവർ ഇന്നുണ്ട്. ഒളിഞ്ഞും പാത്തും പതുങ്ങിയുമുള്ള 'ലവ് ഷൂട്ടുകൾ' ദിവസങ്ങളോളം നീളും. അതിനായി എവിടെയും പോകും. ഒരുപാടു തെറ്റുകളും ശരികളും അപ്പോൾ നടക്കും. അബദ്ധം പിണഞ്ഞ് നഗ്ന ചിത്രീകരണങ്ങളിൽപ്പെട്ട് ജീവിതം തന്നെ തുലച്ചു കളയുന്നവരും മാനഹാനിയ്ക്ക് പോലീസിലും കോടതിയിലും കയറി ഇറങ്ങുന്നവരും ധാരാളം .മരണഫോട്ടോകൾ ആളു മരിക്കുന്നതിന് മുൻപേയെടുത്തു തുടങ്ങും.. ആകാശത്തു പറന്നു ഫോട്ടോയെടുക്കും... കാട്ടിലും കുളത്തിലും തോട്ടിലും ചാടി ഫോട്ടോയെടുക്കും. മലകൾ കയറി, സൂയിസൈഡ് പോയിന്റിൽ സെൽഫി എടുക്കും.....

മനുഷ്യർ ഇപ്പോൾ ഫോട്ടോകൾക്ക് ഇല്ലാത്ത ലക്ഷണങ്ങൾ മുടക്കും. അതിൽ നാശം തുടങ്ങുന്നവരുണ്ട്. ഈ ഫോട്ടോ പ്രേമം ശരിയല്ല. വേണ്ട കാര്യത്തിന് ഫോട്ടോ എടുക്കണം. തികച്ചും വിവരക്കേടായി ഫോട്ടോ എടുക്കേണ്ടതില്ല.

ഫോട്ടോ ആധുനിക കാലത്തിന്റെ ശാപമായി മാറുകയാണ്.  ഒരു നിയന്ത്രണം വരേണ്ട കാലം വൈകി.



**പി.പി.ഫിലിപ്പ്**

## 2025  ജനുവരിയിൽ വിരമിക്കുന്നവർ

1. **എം.പി. രോഹിണി, ഹെഡ് മെസഞ്ചർ, ചേർത്തല ആലപ്പുഴ**
2. **മിനി.എം. ജി. ചീഫ് അസോസിയേറ്റ്, മൂലമറ്റം, ഇടുക്കി**
3. **ഫ്രാൻസിസ് സെബാസ്റ്റ്യൻ ഡെപ്യൂട്ടി മാനേജർ . ആർ .ബി. ഒ.-2 എറണാകുളം, തൊടുപുഴ  ഇടുക്കി**
4. **മാനുവേൽ ഇസഡ് ജോർജ്ജ്, ചീഫ് അസ്സോസിയേറ്റ് , തൊടുപുഴ  ഇടുക്കി**
5. **ശശിധരൻ.പി.പി. ചീഫ് അസോസിയേറ്റ് പെരുംബള, കാസർഗോഡ്**
6. **റെബേക്കാ എസ്. മാത്യൂ, ചീഫ് അസോസ്സിയേറ്റ്, തെള്ളകം,  കോട്ടയം**
7. **കുരിയാക്കോസ്.കെ. ചീഫ മാനേജർ, ആർ.എ.സി.പി.സി മലപ്പുറം,**
8. **ഗൗരി.റ്റി.വി. സീനിയർ ഹെഡ് മെസഞ്ചർ ചാലുശ്ശേരി ശാഖ, പാലക്കാട്, പാലക്കാട്**
9. **സൂസൻ സാമുവേൽ, മാനേജർ  . ആർ .ബി. ഒ.-3 കൊല്ലം**
10. **സുധൻ.ഇ.കെ. സീനിയർ ഹെഡ് മെസഞ്ചർ പുതുക്കാട് ശാഖ, തൃശൂർ**
11. **കാർത്യായനി.പി.എ. സീനിയർ ഹെഡ് മെസഞ്ചർ വടക്കാഞ്ചേരി  തൃശൂർ**
12. **എസ്.സോമസുന്ദരം, അസിസ്റ്റന്റ് ജനറൽ മാനേജർ, ലോക്കൽ ഹെഡ് ഓഫീസ് തിരുവനന്തപുരം**
13. **ഉഷാകമാരി.റ്റി. ഹെഡ് ജനറൽ അറ്റൻഡർ്. മൈതാനം, വർക്കല ബ്രാഞ്ച്, തിരുവനന്തപുരം**
14. **ഐസ്സക്ക്.പി.സി. അസിസ്റ്റന്റ് മാനേജർ, വഞ്ചിയൂർ ബ്രാഞ്ച്, തിരുവനന്തപുരം**

**ഇന്ന് 31.11.2025 ന- ബാങ്കിനോട് വിടപറയുന്ന നമ്മുടെ സുഹൃത്തുക്കൾക്കു എസ്. ബി.. ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു**

# റെബേക്കാ എസ്. മാത്യു



റെബേക്കാ എസ്. മാത്യു

ജനുവരി 31 നു വിരമിക്കുന്ന റെബേക്കാ എസ്. മാത്യു, ചീഫ് അസോസ്സിയേറ്റ്, തെള്ളകം, കോട്ടയം.

സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



തെള്ളകം ബ്രാഞ്ചിൽ നിന്നും ജനുവരി 31 നു വിരമിക്കുന്ന റെബേക്ക.എസ്.മാത്യു വിനെ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തും സന്തോഷവും, സമാധാനവും, ദീർഘായുസും നേർന്ന് സംസാരിക്കുന്ന ജില്ലാ ജോ.സെക്രട്ടറി രമേശ് ബാബു.

# സെർജൻ.കെ.ജെ.



**Serjan K J, Chief Associate, Retired from Vazhithala Branch.**

**എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കു വാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്നു.

# പത്രോസ്.പി.എ.



**പത്രോസ്.പി.എ. എസ്.ഡബ്ല്യൂ.ഒ. മുട്ടം ശാഖ തൊടുപുഴ**

**എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കു വാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്നു.

# മൈതീൻ.വി.പി.



**തൊടുപുഴ ആർ.ബി.ഒ-5 ൽ നിന്നും ഡെപ്യൂട്ടി മാനേജർ വിരമിക്കുന്ന മൈതീൻ.വി.പി.**

ആരോഗ്യപൂർണവും, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കു ന്നു. .

. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു

# യാത്രയയപ്പ്

## ഫ്രാൻസിസ് സെബാസ്റ്റ്യൻ




**ജനുവരി 31 നു വിരമിക്കുന്ന ഫ്രാൻസിസ് സെബാസ്റ്റ്യൻ ഡെപ്യൂട്ടി മാനേജർ . ആർ .ബി. ഒ.-2 എറണാകുളം, തൊടുപുഴ ഇടുക്കി**

# ഓർമ്മത്താളുകൾ

## ഒരു അമളി ആർക്കും പറ്റും



### എം.ജി.രാഘവൻ

1980 കളാണ് കാലം. എടത്വാ എ.ഡി.ബി.യിൽ തകഴി, അമ്പലപ്പുഴ വില്ലേജുകളുടെ ചുമതലയുള്ള റൂറൽ ഡെവലപ്പ്മെന്റ് ഓഫീസറായി (ആർ.ഡി.ഓ.) ചുമതലയേറ്റ സമയം. അമ്പലപ്പുഴയിൽ കൊടുത്തിട്ടുള്ള കാർഷിക വായ്പ്പകളെല്ലാം ദീർഘകാലമായി കുടിശികയായി കിടക്കുന്നു. കാരണം അന്വേഷിച്ച് കർഷകരെ ബന്ധപ്പെടുമ്പോഴാണറിയുന്നത് സ്ഥലത്തെ രാഷ്ട്രീയ നേതാവും ആധാരമെഴുത്തുകാരനുമായ ഒരു സേനാപതിയാണ (പേര് സാങ്കല്പ്പികം) ഇതിന്റെ പിറകിലെന്ന്. ആരും വായ്പ അടയ്ക്കരുത്, സർക്കാർ എഴുതിത്തള്ളും എന്നാണ് പ്രചാരണം. പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും രക്ഷയില്ലാതെ വന്ന സാഹചര്യത്തിൽ ആലപ്പുഴ ഡി,സി,സി, മീറ്റിംഗിൽ വച്ച് കിട്ടിയ നിർദ്ദേശം അനുസരിച്ച് വായ്പകൾ മൊത്തം റെവന്യൂ റിക്കവറിക്ക് അയച്ചു.

താമസിയാതെ നേതാവിന്റെ വീട്ടിൽ റിക്കവറി നടപടികൾക്ക് തീരുമാനമായി. ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ ബാങ്ക് ഫീൽഡ് സ്റ്റാഫ് എന്നിവരടങ്ങിയ സംഘം നേതാവിന്റെ വീട്ടിലെത്തി. ആദ്യം കാര്യം ധരിപ്പിച്ചു. പണമടച്ചാൽ ജപ്തി ഒഴിവാക്കാമെന്ന് അറിയിച്ചു. വഴങ്ങാതെ വന്നപ്പോൾ ജംഗമം ജപ്തിയിലേയ്ക്ക് കടന്നു. കിഴക്കിനി കോലായിൽ ഇരുന്നിരുന്ന നിലവിളക്ക് ആദ്യം ജപ്തി ചെയ്ത് വില്ലേജ് ഓഫീസർ കയ്യിലെടുത്തു. പെട്ടെന്ന് പെണ്ണുങ്ങളുടെ കൂട്ട നിലവിളി വീടിന്റെ ഉള്ളിൽ നിന്നുമുയർന്നു. നേതാവിന്റെ ഗ്യാസ് പോയി. നേതാവ് ചെക്ക് സ്വീകരിച്ചു കൊണ്ട് ജപ്തി ഒഴിവക്കണമെന്ന് കരഞ്ഞപേക്ഷിച്ചു. അവസാനം നടപടി ചിലവുകളുമുൾപ്പെടെ മൊത്തം തുകയും ചെക്ക് എഴുതി വാങ്ങി പ്രശ്നം തീർത്തു. പിന്നീട് അധികം ജപ്തിയൊന്നും വേണ്ടി വന്നില്ല. ആളുകൾ വില്ലേജ് ഓഫീസിൽ നേരിട്ട് പോയി പണമടച്ച് ഇടപാടുകൾ അവസാനിപ്പിച്ചു. ഈയുള്ളവൻ വിജിഗീഷുവായി വാഴ്ത്തപ്പെട്ടു.

പിന്നീട് ചങ്ങനാശ്ശേരി എ.ഡി.ബി.യിൽ ഫീൽഡ് സ്റ്റാഫ് ആയി 1984 ൽ പ്രവർത്തിക്കുന്ന സമയം തോട്ടയ്ക്കാട് എന്ന സ്ഥലത്ത് ഇതുപോലെ ഒരു വേന്ദ്രൻ വായ്പ തിരിച്ചടക്കില്ലെന്നതോ പോകട്ടെ റിവൈവൽ ലെറ്ററിലോ ഏതെങ്കിലും കടലാസ്സിലോ ഒപ്പിട്ടു തരികയുമില്ലെന്ന അറിവ് കിട്ടി. മുൻ ഫീൽഡ് ഓഫീസർ നേരിൽ കണ്ടതാണെന്നും നിവർത്തിയില്ലാതെ നോട്ടീസ് നടപടിക്രമം പൂർത്തിയാക്കി റെവന്യൂ റിക്കവറിക്ക് അയച്ചുവെന്നും അറിഞ്ഞു.

കക്ഷിയെ ഒരു പാഠം പഠിപ്പിച്ചിട്ടു തന്നെ കാര്യം എന്ന് തീരുമാനിച്ച് ഒത്തിരി കഷ്ടപ്പെട്ട് ഡെപ്യൂട്ടി തഹസീൽദാർ, വില്ലേജ് ഓഫീസർ തുടങ്ങിയവരെയെല്ലാം കൂട്ടി കുന്നും മലയും കടന്ന് വീട് കണ്ടുപിടിച്ച് അവിടെയെത്തി. അതൊരു വീടായിരുന്നില്ല. പഴകിപ്പൊളിഞ്ഞ ഒരു ഓലകെട്ടിയ ഷെഡ്. മൂലയ്ക്ക് ഒരടുപ്പും ചട്ടികളും പാത്രങ്ങളും കാണാം. ഒരു മൂട് കപ്പക്കിഴങ്ങ് (മരച്ചീനി) പറിച്ചെടുത്ത പടി അവിടെയിരിക്കുന്നുണ്ട്. കക്ഷിയുടെ ഭാര്യ ചുരുണ്ടു കൂടി അടുത്തിരിക്കുന്നുണ്ട്. മുറികളൊന്നുമില്ല. ഷെഡ്ഡിന്റെ നടുക്കായി ഒരു കയർ കട്ടിൽ. അതിൽ ചുരുണ്ട് കൂടി തീർത്തും അവശനായ ഒരാൾ കിടക്കുന്നു. വീട് തെറ്റിപ്പോയതാണെന്ന് ഉറപ്പിച്ചാണ് അന്വേഷണം തുടങ്ങിയത്. അവിടെ ഒന്നൊന്നായി എത്തിച്ചേർന്ന ജനം സംഗതി വിശദീകരിച്ചു.

ആശാന്റെ നിലത്തെഴുത്തു കളരിയും പാർപ്പിടവുമായി ഈ ഒരു കുടിലേ ഉള്ളു. മക്കളില്ല. മൂന്നാഴ്ച്ചയായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഒന്നും കഴിച്ചിട്ടില്ല. ശിഷ്യന്മാരിൽ ആരോ ഒരാൾ കൊണ്ടുവന്ന് കൊടുത്തതാണ് കപ്പ. അത് വേവിച്ച് കഴിച്ചു വേണം വിശപ്പടക്കാൻ. എന്തു ചെയ്യേണ്ടൂ എന്നറിയാതെ വെട്ടിലായിപ്പോയി ഞങ്ങൾ.

പെട്ടെന്ന് തോന്നിയ ഒരു ഉപായം ബാങ്ക് ജീപ്പിന്റെ ഡ്രൈവറെ വിളിച്ച് കാശ് കൊടുത്ത് ഠൗണിലേയ്ക്ക് വിട്ടു. രണ്ട് പൊതി ചോറ് വാങ്ങിവരാൻ ഏല്പ്പിച്ചു. ഡ്രൈവർ മടങ്ങിയെത്തുമ്പോഴേയ്ക്കും എല്ലാവരും കൂടി സമാഹരിച്ച് ഏതാണ്ട് 500 രൂപയോളം ആശാന്റെ ഭാര്യയുടെ കയ്യിലേല്പ്പിച്ചു. കടലാസ്സിലൊപ്പിടാനോ എഴിനേല്ക്കാനോ പോലും നിർത്തിയില്ലാതെ അശരണരായ അവരെ വിട്ടു ഞങ്ങൾ ഇറങ്ങി നടന്നു. റിക്കവറിക്ക് വന്ന ബാങ്കുദ്യോഗസ്ഥരും വില്ലേജ് ഓഫീസറുമായിരുന്നുവെന്ന് തിരിച്ചറിഞ്ഞ ജനം സംയമനം പാലിച്ചു. പക്ഷേ കുട്ടികൾ കൂവുക തന്നെ ചെയ്തു. പൂ.....പൂ...യ്. ധനനഷ്ടവും മാനഹാനിയും ഫലം!!

# ബെനവലന്റ് ഫണ്ട് ചെക്ക് കൈമാറി

നമ്മെ വിട്ടുപിരിഞ്ഞ സീനിയർ അംഗങ്ങളിൽ ഒരാളായ വി.എൻ.കേശവൻ നായരുടെ ഭവനം വൈക്കം സെന്റർ കൺവീനർ അഡ്വ. പി. പി. ഫിലിപ്പ്', ജോയിന്റ് കൺ വീനറും കോട്ടയം ജില്ലാ അസിസ്റ്റന്റ് ട്രഷററുമായ ഡികെ രാജഗോപാൽ, കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പ്രസിഡന്റ് എംജി രാഘവൻ എന്നിവരുടെ സംഘം സന്ദർശിച്ചു. അവകാശികൾക്കുള്ള ബെനവലന്റ് ഫണ്ടിന്റെ ചെക്ക് അദ്ദേഹത്തിന്റെ ഭാര്യക്ക് കൈമാറി. കുടുംബാംഗങ്ങളുമായി ആശയവിനിമയം നടത്തിയതിനെ തുടർന്നു, സൊസൈറ്റി മെമ്പർഷിപ്പിനും ഇൻഷുറൻസ് പോളിസി ബി സംബന്ധിച്ച കാര്യങ്ങൾക്കുമുള്ള സഹായത്തിനും സബ്സ്ക്രിപ്ഷനും വേണ്ട നടപടികൾ കൈകൊണ്ടു.



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ വൈക്കം സെന്റർ കൺവീനർ അഡ്വ. പി. പി. ഫിലിപ്പ്', കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പ്രസിഡന്റ് എംജി രാഘവൻ, SBIPAK വൈക്കം ജോയിന്റ് കൺവീനർ ഡികെ രാജഗോപാൽ എന്നിവരുടെ സംഘം അവകാശികൾക്കുള്ള ബെനവലന്റ് ഫണ്ടിന്റെ ചെക്ക് വി.എൻ.കേശവൻ നായരുടെ ഭാര്യക്ക് കൈമാറുന്നു



വി.എൻ.കേശവൻ നായരുടെ സ്മരണയിൽ വികാരഭരിതമായ രംഗം



# ആർ.നാഗരാജൻ



**ആർ.നാഗരാജൻ**

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ചെന്നൈ സർക്കിൾ മുൻ പ്രസിഡന്റും റിട്ട. മുൻ സിജിഎം ഉം ആയിരുന്ന . 86 വയസ്സുള്ള .ആർ.നാഗരാജൻ, , ചെന്നൈയിലെ ആശുപത്രിയിൽ വച്ച് 07.01.25-ാം തിയതി രാത്രി ദിവംഗതനായ വിവരം വ്യസന സമേതം അറിയിക്കുന്നു** പൊതു ദർശനവും സംസ്കാരവും 8.1.25**നു** ബുധനാഴ്ച ഉച്ചയ്ക്ക് 12.30ന് നടത്തി. മകൻ::. എൻ.കാർത്തികേയൻ

എസ്.ബി.ഐ. പെൻഷണഴ്സ് അസ്സോസിയേഷന്റെ **ഹൃദയംഗമമായ അനുശോചനങ്ങളും പ്രാർത്ഥനകളും. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.**

# കുര്യൻ

നമ്മുടെ സഹപ്രവർത്തകൻ ആയിരുന്ന . കുര്യൻ മരണമടഞ്ഞ വിവരം വ്യസനസമേതം അറിയിക്കുന്നു. **സംസ്കാരം** 09/1/25 ന് വൈകിട്ട് 3.00 മണിക്ക് നടത്തി. **അദ്ദേഹത്തിsâ വിയോഗത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം രേഖപ്പെടുത്തുന്നു.**



കുര്യൻ

**അദ്ദേഹത്തിന്റെ വിയോഗത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം രേഖപ്പെടുത്തുന്നു.**

# ജോൺ വി. ഞാറക്കുളം



ജോൺ വി. ഞാറക്കുളം

എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷ**ന്റെ** ഇടുക്കി ജില്ലാ സെ**ന്റ**ർ അംഗം ജോൺ വി. ഞാറക്കുളം ( LM No. 8930 ) (തങ്കച്ചൻ 64) 18.01.2025 **നു** രാവിലെ നിര്യാതനായ വിവരം അത്യന്തം ഹൃദയ വേദനയോടെ അറിയിക്കുന്നു. **(64 വയസ്സ്) സംസ്കാരം** 20.01.25 **നു തിങ്കളാഴ്ച്ച മണിയ്ക്ക് രാവിലെ** 10.30ന്**മുതലക്കോടംസെന്റ്ജോർജ്ജ് ഫെറോനാ പള്ളിയിൽ കുടുംബ കല്ലറയിൽ** നടത്തി. **ഭാര്യ എലിസബത്ത് (സാലി) കാഞ്ഞിരത്താനം അറക്കപറമ്പിൽ കുടുംബാംഗം. മക്കൾ അരുൺ ജോൺ (വൈദിക വിദ്യാർത്ഥി, കോതമംഗലം രൂപത), അഖിൽ ജോൺ (മാനേജർ, കാനറാ ബാങ്ക്, ബോംബെ) സഹോദരങ്ങൾ: പരേതയായ സിസ്റ്റർ ആനി ഞാറക്കുളം ( എസ് എ ബി എസ്, മാറിക), പരേതനായഎൻ വി മാത്യൂ, (ബേബി),എൻ.വി. ഏലിക്കുട്ടി (ഏലിക്കുട്ടി വർക്കി, മണ്ഡപത്തിൽ മാറാടി ) മേരി സെബാസ്റ്റ്യൻ, കുന്നേൽ (തെള്ളകം ) ഗ്രേയ്സ്സി ജോൺ, നെടുമ്പുറം, (കോതമംഗലം ) എൻ വി ജോസഫ്(ജോളി), സ്റ്റെല്ലകുര്യാക്കോസ് പുത്തൻപുരക്കൽ, (ചെറുതോട്ടിൻകര ) അദ്ദേഹത്തിsâ വിയോഗത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം രേഖപ്പെടുത്തുന്നു.**

# അനുശോചനം

ജോണുമായി വളരെക്കുറച്ച് മാത്രമേ എനിക്ക് ബന്ധമുള്ളൂ. പ്രസന്നനും, സന്തോഷവാനും, ഊഷ്മള ഹൃദയനുമായ ഒരു മാന്യൻ. അദ്ദേഹത്തി**ന്റെ** അപ്രതീക്ഷിതവും അകാലവുമായ വേർപാട് അദ്ദേഹത്തെ അറിയുന്ന എല്ലാവ**രേയും ഞെട്ടിച്ചു.** അദ്ദേഹത്തി**ന്റെ** ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് എ**ന്റെ** ഹൃദയംഗമമായ അനുശോചനം. ഹൃദയഭേദകമായ ദുഃഖം താങ്ങാൻ സർവ്വശക്തൻ അവർക്ക് ശക്തി നൽകട്ടെ.

വാഗ്ദത്ത നാട്ടിൽ അദ്ദേഹത്തിന്റെ മാന്യമായ ആത്മാവിന് ഒരു വാസസ്ഥലം കണ്ടെത്താൻ പ്രാർത്ഥിക്കുന്നു.

ടി ജെ ജോസഫ്.
**മുൻ ജില്ലാ പ്രസിഡന്റ്,** ഇടുക്കി

# എം പി ഉണ്ണികൃഷ്ണൻ പട്ടേരി



എം പി ഉണ്ണികൃഷ്ണൻ പട്ടേരി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് ജില്ലാ കേന്ദ്രത്തിലെ അംഗം എം പി ഉണ്ണികൃഷ്ണൻ പട്ടേരി (LMM75 ) എസ് ബി ഐ കോളനിയിലെ സ്വവസതിയിൽ 14-01-2025 ചൊവ്വാഴ്ച അന്തരിച്ച വിവരം ദുഃഖത്തോടെ അറിയിക്കുന്നു.

അദ്ദേഹത്തിന്റെ വിയോഗത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ ദുഃഖം രേഖപ്പെടുത്തുന്നു . എസ്ബിഐ പെൻഷണേഴ്സ് അസോസിയേഷൻ കോഴിക്കോട് സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു.. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# താണപ്പൻ.എ.

സുൽത്താൻബത്തേരി: ഓടപ്പള്ളം 'ശ്രീമംഗലം' വീട്ടിൽ താണപ്പൻ അർജുനപ്പണിക്കർ (77) അന്തരിച്ചു. എസ്.ബി.ഐ. തിരുവനന്തപുരം റിട്ട. അസി. മാനേജരായിരുന്നു. ഭാര്യ: ജയന്തി. മക്കൾ: ആനന്ദ്ശങ്കർ, ജയശങ്കർ. മരുമകൾ: സുകന്യലക്ഷ്മി വെള്ളിയാഴ്ച. സഞ്ചയനം നടത്തി.



താണപ്പൻ.എ.

കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു.

## അനുശോചനം

താണപ്പൻ. എ., അന്തരിച്ച വിവരം ദുഃഖത്തോടെ മാത്രമേ ഓർക്കാൻ കഴിയുന്നുള്ളു. ആയിരത്തി തൊള്ളായിരത്തി അറുപത്തിയേഴിൽ വെള്ളായണി കാർഷിക കോളേജിൽ വച്ച് ആദ്യമായി കണ്ടുമുട്ടി.

പിന്നീട് കൃഷിവകുപ്പിൽ അഗ്രക്കൾച്ചറൽ ഓഫീസറായിരിക്കെ എസ്.ബി.റ്റി.യിൽ റൂറൽ ഡവലപ്പ്മെന്റ് ഓഫീസറായി ബാങ്ക് സർവീസിലെത്തി. അഗ്രി ബാങ്കിംഗ് മെഖലയിൽ പ്രവർത്തിച്ചു വന്നിരുന്നവർ നേരിട്ടിരുന്ന വിവേചനങ്ങൾക്കെതിരെ പോരാടി വിവാദങ്ങൾ സ്വയം ക്ഷണിച്ചു വരുത്തി സ്വീകരിച്ചു. വിവാദ പുരുഷനായി, ഇന്നിപ്പോൾ ഓർമ്മയായി. അന്ത്യാഞ്ജലി അർപ്പിക്കുന്നു.

**രാമസാമി, പാലക്കാട്**

# മുരളീധരൻ സി.ആർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ അംഗം കോളപ്ര ഏഴാംമൈൽ ചാലപ്പുറത്ത് മുരളീധരൻ സി.ആർ 31/01/2025 വെള്ളി ഉച്ച കഴിഞ്ഞു 2.30 ന് നിര്യാതനായി. സംസ്ക്കാരം വീട്ടു വളപ്പിൽ നടത്തി. ..



പെൻഷനേഴ്സ് അസ്സോസ്സിയേഷൻ കുടുംബാഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതിനോടൊപ്പം അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

## പ്രസന്നകുമാർ.പി.എൻ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട .ജില്ലാ കേന്ദ്രത്തിലെ അംഗം പി.സി.അമ്മുക്കുട്ടിയുടെ ഭർത്താവ് പ്രസന്നകുമാർ.പി.എൻ. അന്തരിച്ച വിവരം അഗാധമായ ദുഃഖത്തോടെ അറിയിക്കുന്നു. ആത്മാവിന് ശാന്തി ലഭിക്കട്ടെ. എസ്.ബി.ഐ. പെൻഷണഴ്സ് അസ്സോസിയേഷന്റെ ഹൃദയംഗമമായ അനുശോചനങ്ങളും പ്രാർത്ഥനകളും.

## എം.യു. രാമചന്ദ്രൻ



എം.യു. രാമചന്ദ്രൻ

മടക്കത്താനം, ഇടയ്ക്കാട്ട്കയറ്റം കൊച്ചുതറയിൽ വീട്ടിൽ. എം.യു. രാമചന്ദ്രൻ (77), (Rtd SBT മാനേജർ) 21-01-2025–ാം തിയതി വൈകുന്നേരം 4 മണിക്ക് നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. . സംസ്കാരം 23-01-2025, വ്യാഴം ഉച്ചക്ക് 12 മണിക്ക് തൊടുപുഴ ശാന്തിതീരത്തിൽ നടത്തി.. പെൻഷനേഴ്സ് അസ്സോസ്സിയേഷൻ കുടുംബാഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതിനോടൊപ്പം അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

## ബാലകൃഷ്ണൻ.കെ



ബാലകൃഷ്ണൻ.കെ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ബാലകൃഷ്ണൻ.കെ. (LM 669) സി.ജി.ഹോസ്പിറ്റലിൽ വച്ച് അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു.

അവരുടെ നിര്യാണത്തിൽ എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ തിരുവനന്തപുരം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

## റേച്ചൽ വർഗീസ്




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ സെന്റർ അംഗം റേച്ചൽ വർഗീസ് ( LM 6498 ),

പള്ളിയമ്പിൽ, അരീപ്പറമ്പ്, അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു.

സംസ്കാരം , 03.02.2025, തിങ്കളാഴ്ച 3 മണിക്ക് ഭവനത്തിൽ ശുശ്രൂഷക്കുശേഷം അരീപ്പറമ്പ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ സീനായ്മല സെമിത്തേരിയിൽ നടത്തി

ഭർത്താവ് : പി.എസ്.ചാക്കോ ( സ്റ്റേഷൻ മാനേജർ, സതേൺ റയിൽവേ), മക്കൾ : നിഷാ മേരി ജേക്കബ്ബ് ( എസ്ബിഐ, ബംഗളൂരു ), ജിജോ.പി.ജേക്കബ്ബ് ( സൗത്ത് ഇൻഡ്യൻ ബാങ്ക് ).
എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം ദുഖാർത്തരായ കുടുംബാംഗങ്ങളെ അറിയിക്കുന്നു. പരേതയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.




ആ നാദം നിലച്ചു..

മലയാളത്തിൻറെ ഭാവഗാനം നിലച്ചു
കളിത്തോഴൻ എന്ന ചിത്രത്തിൽ പി. ഭാസ്കരൻ മാസ്റ്റർ എഴുതി ദേവരാജൻ മാസ്റ്റർ ഇണമിട്ട മഞ്ഞലയിൽ മുങ്ങിത്തോർത്തി ...എന്ന ഗാനത്തോടെ മലയാള സിനിമ
മലയാളത്തിൻറെ അതുല്യമായ ഭാവഗായകൻ പി ജയചന്ദ്രന് ആദരാഞ്ജലികൾ അർപ്പിക്കുന്നു 

## ഡോ.എച്ച്. സദാശിവൻ പിള്ള അന്തരിച്ചു

പ്രശസ്ത നാടകാചാര്യനും രിട്ട. തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജുകളിലെ പ്രിൻസിപ്പലുമായിരുന്ന ഡോ. എച്ച്.. സദാശിവൻ പിള്ള അന്തരിച്ചു.



. എച്ച്. എസ്.പി. എന്ന അപര നാമത്തിൽ പ്രശസ്തനായ അദ്ദേഹം തലയോലപ്പറമ്പ്, കീഴൂർ എ എന്നീ ദേവസ്വം ബോർഡ് കോളേജുകളിലെ പ്രിൻസിപ്പൽ ആയിരുന്നു. പ്രഗത്ഭനായ അധ്യാപകൻ, ആംഗലേയ സാഹിത്യത്തിൽ അപാര ജ്ഞാനമുള്ള ഭാഷാ പണ്ഡിതൻ ഒക്കെയായിരുന്ന അദ്ദേഹം വലിയ ശിഷ്യ സാമ്പത്തിനുടമയാണ്. പുരോഗമന കലാ സാഹിത്യ സംഘത്തിന്റെ തലയോലപ്പറബ് ഏരിയ പ്രസിഡന്റ് എന്ന നിലയിലും നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഭാര്യ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ഓഫീസറായിരുന്നു.

പ്രൊഫ. ഡോ. എച്ച്. സദാശിവൻപിള്ള ചെങ്ങന്നൂരിൽ ജനിച്ച് വർഷങ്ങൾക്ക് മുമ്പാണ് ജോലിയുടെ ഭാഗമായി തലയോലപ്പറമ്പിൽ സ്ഥിരതാമസമാക്കിയത്. പിന്നീട് തലയോലപ്പറമ്പിന്റെയും വൈക്കത്തിന്റെയും സാംസ്കാരിക മേഖലയിൽ നിറ സാന്നിധ്യമായി.

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളപ്പോഴും തലയോലപ്പറമ്പിലെ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം. മുദ്ര ലൈബ്രറിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഗ്രന്ഥശാലാ പ്രസ്ഥാനവുമായി ഹൃദയ ബന്ധം പുലർത്തിയിരുന്നു, ആദരാഞ്ജലികൾ അർപ്പിക്കുന്നു

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ/ രചനകൾ ക്ഷണിക്കുന്നു.**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടെത്താം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.**
**ചീഫ് എഡിറ്റർ**

**P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല**

